# ആത്മപ്രകാശിനി

## 2008 ഡിസംബർ

ആത്മപ്രകാശിനി പി. ഡി. എഫ്. ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട്. വരിസംഖ്യകൊണ്ടു മാത്രം നടത്തപ്പെടുന്ന ഈ ശുശ്രൂഷ ഇനിയും മുമ്പോട്ട് കൊണ്ടുപൊകണമെങ്കിൽ വായനക്കാരുടെ സഹകരണം ആവശ്യമാണ്. ആത്മപ്രകാശിനി പി. ഡി. എഫ്. ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി വർഷത്തിൽ ഒരിക്കലെങ്കിലും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യേണ്ടതാണ്.

**Please send your gift as a DD to:**

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**

**Please see the details:**

**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 1492**
**DD should be in favour of “Athmaprakashini, Kumbanad”.**


www.bahrainbrethren.com

# അകത്താളുകളിൽ


**തിമൊഥെയൊസിന്റെ ...........**
ഡോ. കെ. സി. ജോൺസൺ.......... 3

**ആരാധന പുതിയനിയമത്തിൽ**
എസ്. ജി. ഗിൽബർട്ട്......................... 4

**പരിണാമ സൃഷ്ടി വിവാദം........**
ഡോ.ജോൺസൺ ജോർജ്ജ്........... 6

**മാളികമുറി പ്രഭാഷണം**
ഡോ. ഒ.എം. സാമുവേൽ ................ 8

**ആരാധനാ ചിന്തകൾ**
റ്റി.ജെ. തോമസ് .................................. 9

**അവസരം നഷ്ടമാക്കിയ . . . . . .**
വിൽസൺ വർഗ്ഗീസ് .......................... 11

**തിമൊഥെയൊസിന് എഴുതിയ . . . .**
ജേക്കബ് തോമസ് .............................. 13

**ജീവിക്കുന്ന രാജ്യത്തിലെ . . . . . .**
വി.എം. ജോൺ ................................. 14

**പുനരുത്ഥാനത്തിന്റെ പ്രസക്തി**
യോഹന്നാൻ ഏബ്രഹാം ................ 16

**വിലക്കപ്പെട്ട കനിയും . . . . . . . .**
പി.എ. ഏബ്രഹാം ............................ 17

**യഹോവയുടെ നാമം**
രത്നാ ജേക്കബ് ............................ 19

**അനുസ്മരണം**
ആനി തോമസ് .............................. 20

**ബൈബിൾ പ്രശ്നാവലി ................** 21

**വാർത്തകളും, കുറിപ്പുകളും** 21


### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തൊടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*


# ആത്മപ്രകാശിനി

**Vol. XXVII** **No.12**

## 2008 ഡിസംബർ

***പത്രാധിപസമിതി***
കെ. എ. ഫിലിപ്പ്
ഡോ. ഒ.എം. ശാമുവേൽ
ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***
സി. എ. ജോർജ്ജ്

***ഡി.റ്റി.പി.***
**നെല്ലിമല** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്
ഫോൺ : 0469 2663308, 94476 00308

***പ്രിന്റിങ്***
എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ
ഫോൺ: 0468 2 350320

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)
വിദേശത്ത് : 500 രൂപ (മുൻകൂർ)

***ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം***
ഡോ.ഒ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 2664925 (R)

www.athmaprakashini.com
kcjohnson3000@gmail.com
+919447265500



www.bahrainbrethren.com

# തിമൊഥെയൊസിന്റെ വലിയമ്മയും അമ്മയും

ഡോ. കെ.സി. ജോൺസൺ, മാവേലിക്കര

**പൗ**ലൊസിന്റെ സഹപ്രവർത്തകരിൽ താൻ വളരെയധികം പ്രാധാന്യം നൽകുകയും പ്രബോധിപ്പിക്കുകയും ചെയ്തിട്ടുള്ള വ്യക്തിയാണ് തിമൊഥെയൊസ്. പൗലൊസിന്റെ രണ്ടും മൂന്നും സുവിശേഷ യാത്രകളിൽ താൻ സഹകാരിയായിരുന്നു എന്നുമാത്രമല്ല, തന്റെ 6 ലേഖനങ്ങളിൽ തിമൊഥെയൊസ് സഹലേഖകനുമായിരുന്നു. പുതിയനിയമത്തിലെ 21 ലേഖനങ്ങളിൽ 2 എണ്ണം എഴുതിയിരിക്കുന്നത് തിമൊഥെയൊസിനാണ്. ഈ നിലയിൽ തിരുവെഴുത്തിൽ വളരെ പ്രാധാന്യമുള്ള തിമൊഥെയൊസിന്റെ വലിയമ്മ ലോവീസിനെക്കുറിച്ചും അമ്മ യുനീക്കയെക്കുറിച്ചും ബൈബിൾ വ്യക്തമാക്കുന്ന ചില സത്യങ്ങളിലേയ്ക്ക് അനുവാചകരുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം. നമ്മുടെ ആത്മീയ ജീവിതത്തിലും കുടുംബ ജീവിതത്തിലും നാം ശ്രദ്ധിക്കേണ്ട ചില വസ്തുതകൾ അവരുടെ ജീവിതത്തിൽ നിന്നും ഗ്രഹിക്കാവുന്നതാണ്.

**1. തിമൊഥെയൊസിന്റെ വലിയമ്മ ലോവീസും മാതാവ് യൂനീക്കയും വിശ്വാസികളായിരുന്നു**

അപ്പൊ. പ്രവൃ. 16:1-ൽ തിമൊഥെയൊസിനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് ***അവിടെ വിശ്വാസമുള്ളോരു യെഹൂദ സ്ത്രീയുടെ മകനായി തിമൊഥെയൊസ് എന്നു പേരുള്ള ഒരു ശിഷ്യൻ ഉണ്ടായിരുന്നു*** എന്നാണ്. 2 തിമൊ. 2:5-ൽ ***ആ വിശ്വാസം ആദ്യം നിന്റെ വലിയമ്മ ലോവീസിലും അമ്മ യുനീക്കയിലും ഉണ്ടായിരുന്നു*** എന്നാണ് പൗലൊസ് രേഖപ്പെടുത്തിയിരിക്കുന്നത്. യെഹൂദ പശ്ചാത്തലത്തിൽ നിന്നും കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച് അവർ ഇരുവരും ദൈവമക്കളായിത്തീർന്നു എന്നുള്ളത് ഈ രണ്ടു വാക്യങ്ങളും വ്യക്തമാക്കുന്നുണ്ട്. തലമുറകളായി വിശ്വസിച്ചിരുന്ന അവരുടെ പാരമ്പര്യ വിശ്വാസം വിട്ട് ദൈവാത്മാവിന്റെ പ്രവർത്തനത്താൽ അവർ രക്ഷിക്കപ്പെട്ടവരായിത്തിർന്നു. പൗലൊസിന്റെ ഒന്നാം സുവിശേഷയാത്രയിലായിരിക്കാം അവർ ദൈവവചനം കേട്ട് രക്ഷിക്കപ്പെടുവാൻ ഇടയായിത്തീർന്നത് (അപ്പൊ. 14:6,21). ക്രിസ്തീയ ഭവനത്തിൽ ജനിച്ചതുകൊണ്ടു ഞാൻ ക്രിസ്ത്യാനിയാണ് എന്നാരും ധരിക്കരുത്. ബ്രദറൺ കുടുംബത്തിൽ ജനിച്ചതുകൊണ്ടു മാത്രം ഞാൻ വിശ്വാസിയാണ് എന്നാരും ധരിക്കരുത്. ഉപരിപ്ളവമായ കാരണത്താൽ മാനസാന്തരപ്പെടാതെ കൈ ഉയർത്തിയതുകൊണ്ടോ സ്നാനപ്പെട്ടതുകൊണ്ടോ പതിവായി സഭായോഗങ്ങളിൽ സംബന്ധിക്കുന്നതുകൊണ്ടോ ഒരുവൻ ഒരു ദൈവപൈതലായിത്തീരുന്നില്ല.

ക്രിസ്തീയ ഭവനത്തിൽ ജനിച്ചവരും ബ്രദറൺ കുടുംബത്തിൽ ജനിച്ചവരും അല്ലാത്തവരും മാനസാന്തരപ്പെട്ട് അവർക്കുവേണ്ടി മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിൽ വിശ്വസിച്ചെങ്കിൽ മാത്രമേ ദൈവമക്കളായിത്തീരുകയുള്ളൂ. *യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും രക്ഷയ്ക്കായി വായ് കൊണ്ട് ഏറ്റുപറയുകയും ചെയ്യുന്നു* (റോമർ10:9,10). ***നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്നു നിങ്ങളെത്തന്നേ പരീക്ഷിപ്പിൻ; നിങ്ങളെത്തന്നേ ശോധന ചെയ്വിൻ*** (2 കൊരി. 13:5).

**2. തിമൊഥെയൊസ് വളർന്നുവന്നത് ദൈവവചന പരിജ്ഞാനത്തിലായിരുന്നു**

തിമൊഥെയൊസ് വളർന്നു വന്നത് ദൈവവചന പരിജ്ഞാനത്തിലായിരുന്നു. ബാല്യം മുതൽ തിരുവെഴുത്തുകൾ പഠിക്കുന്നതിനുള്ള അവസരം തിമൊഥെയൊസിനു സ്വന്തം ഭവനത്തിൽ ഉണ്ടായിരുന്നു (2 തിമൊ. 3:14). ദൈവത്താൽ നൽകപ്പെട്ടതും വിശുദ്ധവും രക്ഷയ്ക്ക് ജ്ഞാനിയാക്കുന്നതും പ്രയോജനമുള്ളതുമായ ദൈവവചന പരിജ്ഞാനത്തിൽ തിമൊഥെയൊസിനെ വളർത്തുവാൻ അമ്മയും വലിയമ്മയും ശ്രദ്ധിച്ചിരുന്നു.ദൈവം നൽകിയിരിക്കുന്ന മക്കളെ ആ നിലയിൽ ദൈവവചന പരിജ്ഞാനത്തിൽ വളർത്തുവാൻ നാം ശ്രദ്ധിക്കേണ്ടതാണ്.

*ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല* (സദൃ.22:6) എന്ന വാക്യമനുസരിച്ച് മാതാപിതാക്കന്മാർ തങ്ങളുടെ മക്കളെ വളർത്തേണ്ടതാണ്. പിതാക്കന്മാർ തങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും വളർത്തുവാൻ (എഫെ. 6:4) പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.


www.bahrainbrethren.com

# ആരാധന പുതിയ നിയമത്തിൽ (തുടർച്ച)

എസ്. ജി. ഗിൽബർട്ട്, ആറാമട

**A. ആരെയാണ് ആരാധിക്കേണ്ടത്?**

ത്രിയേക ദൈവമാണ് നമുക്കുള്ളത്. ദൈവത്തിൽ പിതാവ്,പുത്രൻ, പരിശുദ്ധാത്മാവ് എന്നീ 3 ആളത്വങ്ങൾ ഉണ്ട്. ഇതിൽ ആരെയാണ് നാം ആരാധിക്കേണ്ടത്... ദൈവിക ആളത്വത്തിൽ തലയായിരിക്കുന്നത് പിതാവായ ദൈവമാണ്. "ക്രസ്തുവിന്റെ തല ദൈവം" (1 കൊരി. 11:3).

പിതാവിനെ നമസ്കരിക്കുവാനാണ് കർത്താവ് ശമര്യാക്കാരി സ്ത്രീയോട് പറയുന്നത്. "സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴികവരുന്നു" (യോഹ. 4:23). യേശുക്രിസ്തു സാത്താനോടു പറയുന്ന മറുപടി ശ്രദ്ധേയമാണ്; "നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമെ ആരാധിക്കാവു"(ലൂക്കൊസ്. 4:8). ഈ വാക്യങ്ങളുടെ വെളിച്ചത്തിൽ പിതാവിനെയാണ് ഏവരും ആരാധിക്കേണ്ടത്. ത്രിത്വത്തിൽ മൂവരും ദൈവത്വത്തിൽ തുല്യരാണങ്കിലും സൃഷ്ടികളിൽ നിന്നും ആരാധന സ്വീകരിക്കുന്നതിൽ വ്യക്തമായ ഒരു ക്രമം തിരുവെഴുത്തിൽ നാം കാണുന്നു.

ദൈവത്വത്തിലെ തലയായ പിതാവിനെ വെളിപ്പെടുത്തുവാനാണ് പുത്രനെ ലോകത്തിൽ അയച്ചത്. പുത്രൻ പിതാവിനെ സൃഷ്ടികൾക്ക് വെളിപ്പെടുത്തിക്കൊടുക്കുമ്പോൾ ഇങ്ങനെ പറയുന്നു. പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കണം.ദൈവം ആത്മരൂപിയാണ്. ദൈവത്തെ ആരാധിക്കുന്നവർ ആത്മാവിൽ ആരാ

---

യഹൂദന്മാരുടെ മദ്ധ്യത്തിൽ അവർ വളരെ പ്രാധാന്യം നൽകുന്ന ന്യായപ്രമാണത്തിലെ ഒരു ഭാഗമാണ് ആവർത്തനം 6:4. യഹൂദമതത്തിലെ "ശെമ" ('കേൾക്കുക' എന്നാണ് ശെമ എന്ന എബ്രായ പദത്തിന്റെ അർത്ഥം) ഉപദേശത്തിന്റെ അടിസ്ഥാന വാക്യവും ഇതുതന്നെയാണ്. അത് ഇപ്രകാരമാണ്: *യിസ്രായേലേ, കേൾക്ക; യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻ തന്നെ.* അവരുടെ അടിസ്ഥാന ദൈവശാസ്ത്രത്തിന്റെ മൂലക്കല്ലുതന്നെ ഈ വാക്യമാണ്. അവർക്ക് ജനിക്കുന്ന എല്ലാ കുഞ്ഞുങ്ങളുടെയും ചെവിയിൽ ആദ്യം അവർ പറഞ്ഞുകൊടുക്കുന്ന തിരുവെഴുത്തും ഇതുതന്നെയാണ്. മാത്രമല്ല, അവർ കുട്ടികൾ ആയിരിക്കുമ്പോൾ തന്നെ ന്യായപ്രമാണസംബന്ധമായ എല്ലാ ഉപദേശങ്ങളും അവർ കുട്ടികളെ അഭ്യസിപ്പിക്കണമായിരുന്നു. അതിനുള്ള നിർദ്ദേശം ദൈവം തന്നെ തുടർന്നുള്ള ഭാഗങ്ങളിൽ അവർക്ക് നൽകുന്നുണ്ട്. *ഇന്നു ഞാൻ നിന്നോടു കൽപിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം. നീ അവയെ നിന്റെ മക്കൾക്ക് ഉപദേശിച്ചു കൊടുക്കയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെക്കുറിച്ച് സംസാരിക്കുകയും വേണം* (ആവ. 6:6,7). ഈ തിരുവചന ഭാഗം അനുസരിച്ച് നാം നമ്മുടെ കുട്ടികളെ ദൈവവചനത്തിലെ ഉപദേശങ്ങൾ പഠിപ്പിച്ചു വളർത്തേണ്ടതാണ്.

**3. തിമൊഥെയൊസിനെ സുവിശേഷവേലയ്ക്ക് അയക്കുന്നതിൽ കുടുംബാംഗങ്ങൾ തടസ്സം നിന്നില്ല**

പൗലൊസിന്റ സുവിശേഷയാത്രയിൽ തന്നോടൊപ്പം തിമൊഥെയൊസിനെ കൊണ്ടുപോകുന്നതിന് പൗലൊസ് ആഗ്രഹിച്ചപ്പോൾ ഈ അമ്മയും വലിയമ്മയും അതിനു തടസ്സം നിന്നില്ല. ലുസ്ത്രയിൽനിന്നുള്ള പൗലൊസിന്റെ യാത്രയിൽ തിമൊഥെയൊസും ഉണ്ടായിരുന്നു എന്നുള്ളത് അപ്പൊ. 17:14,15; 18:4 എന്നീ ഭാഗങ്ങളിൽനിന്നും വ്യക്തമാണ്.

ഇന്നുള്ള പല മാതാപിതാക്കളും സുവിശേഷവേലയ്ക്കായി ദൈവം വിളിച്ചവരെ പ്രോത്സാഹിപ്പിക്കുന്നതിനു പകരം നിരുത്സാഹപ്പെടുത്തുകാണ് ചെയ്യുന്നത്. അതിനുള്ള ഒരു കാരണം എന്റെ മകൻ സഭയിൽ ഒരു സുവിശേഷകനെക്കാൾ സ്ഥാനവും അധികാരവുമുള്ള മൂപ്പൻ ആകണമെന്നുള്ള താല്പര്യമാണ്. നിരുത്സാഹപ്പെടുത്തുന്നതിന്റെ മറ്റൊരു കാരണം എന്റെ മകൻ മറ്റുള്ളവരിൽ നിന്ന് വാങ്ങി ജീവിയ്ക്കേണ്ട എന്നുള്ള തീരുമാനമാണ്. എന്നാൽ അവിശ്വാസിയിൽ നിന്നും ശമ്പളം വാങ്ങി ജീവിക്കുന്നതിനേക്കാൾ ഒരു വിശ്വാസിയിൽനിന്നും ലഭിക്കുന്ന കൂട്ടായ്മ വാങ്ങി ജീവിക്കുന്നതിൽ അഭിമാനിക്കേണ്ടതാണ്. സുവിശേഷകൻ ദൈവത്തിന്റെ വേലക്കാരനാണ്. അവന് ജീവിക്കാൻ വക നൽകുന്നത് ദൈവമാണ്. കൂട്ടായ്മ നൽകുന്ന വിശ്വാസികൾ ഒരു മുഖാന്തരം മാത്രം.

ഒരിക്കൽ ബില്ലി ഗ്രഹാമിനോട് അമേരിക്കൻ പ്രസിഡന്റ സ്ഥാനത്തേയ്ക്ക് മത്സരിക്കാൻ ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്: എന്റെ കർത്താവിന്റെ ഒരു വേലക്കാരനായിരിക്കുക എന്നതാണ് അമേരിക്കൻ പ്രസിഡന്റ് എന്നതിനേക്കാൾ എനിക്ക് അഭികാമ്യമായിട്ടുള്ളത്. ഈ അഭികാമ്യമായ വേലയിലേയ്ക്ക് ദൈവവിളിയുള്ള മക്കളെ പ്രോത്സാഹിപ്പിച്ച് അയയ്ക്കുവാൻ അനുവാചകരെ ദൈവം സഹായിക്കട്ടെ. നാം നമ്മുടെ ഉത്തരവാദിത്തം ഇന്ന് നിറവേറ്റിയാൽ, നാളെ അനേക തിമൊഥെയൊസുമാരെ നമുക്കു കാണുവാൻ കഴിയും. സുവിശേഷം അറിയിക്കുകയും വചനം ഉപദേശിക്കുകയും സഭകളെ ശക്തിപ്പെടുത്തുകയും ചെയ്യുന്ന അനവധി തിമൊഥെയൊസുമാർ. ●



www.bahrainbrethren.com

ധിക്കണം. ആത്മാവിൽ ആരാധിക്കുവാനല്ലാതെ ആത്മാവിനെ ആരാധിക്കുവാൻ പറഞ്ഞിട്ടില്ല. പരിശുദ്ധാത്മാവാം ദൈവം പ്രത്യേകം ആരാധന സ്വീകരിക്കുന്നതായി നാം കാണുന്നില്ല. പുത്രൻ ദൈവം എന്ന നിലയിൽ ഭൂമിയിൽവച്ച് അനേകരുടെ ആരാധന സ്വീകരിച്ചതായി നാം കാണുന്നു.

പിതാവായ ദൈവത്തെ നാം ആരാധിക്കണം. അത് ആത്മാവിൽ ആയിരിക്കണം. അതായത് ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ഒരുക്കത്തിൽ ആയിരിക്കണം. ഒരു പാപിയെ രക്ഷയിലേക്ക് നയിക്കുന്നത് പരിശുദ്ധാത്മാവാണ്. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ബോദ്ധ്യപ്പെടുത്തുന്നത് പരിശുദ്ധാത്മാവാണ്. ദൈവസന്നിധിയിൽ നാം പ്രാർത്ഥിക്കേണ്ടുംവണ്ണം പ്രാർത്ഥിക്കുവാനും ആരാധിക്കേണ്ട വിധത്തിൽ ആരാധിക്കുവാനും നമ്മുടെ ഹൃദയങ്ങളെ ഒരുക്കുന്നത് പരിശുദ്ധാത്മാവാം ദൈവമാണ്.

ആരാധന ആത്മാവിൽ മാത്രമുള്ളതല്ല; അതു സത്യത്തിലുമായിരിക്കണം. സത്യം ആരെക്കാണിക്കുന്നു?. അത് പുത്രനായ ക്രിസ്തുവിനെയാണ് (യോഹ. 14:6). പുത്രനാണ് മനുഷ്യവർഗ്ഗത്തിനു വേണ്ടി ക്രൂശിൽ യാഗമായത് മനുഷ്യവർഗ്ഗത്തിനു വഴിയും സത്യവുമായത് പുത്രനാണ്. പുത്രനെ മറന്ന് ആർക്കും പിതാവിനെ നമസ്ക്കരിക്കുവാൻ കഴിയില്ല. ഭാവിയിൽ പിതാവും പുത്രനും ഒരുപോലെ ആരാധന സ്വീകരിക്കുന്നതായി കാണാം (വെളി.1:6, 4:8-11, 5:8-14) എന്നാൽ ഈ പു:നി. കാലയളവിൽ സഭ ആരാധിക്കേണ്ടത് പിതാവായ ദൈവത്തെയാണ്.

പിതാവ് ആരാധന സ്വീകരിക്കുമ്പോൾ പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരുപോലെ മഹത്വപ്പെടുന്നു. അങ്ങനെ പിതാവ് മഹത്വപ്പെടുന്ന ആരാധന കഴിക്കണമെങ്കിൽ അത് ആത്മാവിലും (പരിശുദ്ധാത്മാവിലും) സത്യത്തിലും (പുത്രനിലൂടെയും) ആയിരിക്കണം. ഒരുവൻ പരിശുദ്ധാത്മാവിന്റെ സഹായത്താൽ ക്രിസ്തുവിൽ വീണ്ടും ജനിച്ച് പിതാവായ ദൈവത്തിന്റെ മകനായി തീരുന്നു. അങ്ങനെ അവന് ക്രിസ്തുവിൽക്കൂടി പരിശുദ്ധാത്മാവിന്റെ സഹായത്താൽ പിതാവായ ദൈവത്തെ ആരാധിച്ചു മഹത്വപ്പെടുത്താൻ സാധിക്കും.

## B. ആരെ ആരാധിക്കരുത്

1. മനുഷ്യരെ ആരാധിക്കാൻ പാടില്ല.

പു.നി.ൽ പലയിടത്തും അപ്പൊസ്തലന്മാരെ പലരും നമസ്കരിക്കാൻ ശ്രമിച്ചിട്ടുണ്ട്. (അപ്പൊ.10:25,26) അവർ ആരും ആരാധന സ്വീകരിച്ചിട്ടില്ല. ഇന്ന് ധാരാളം മനുഷ്യദൈവങ്ങളെ കാണാം. യാതൊരു മനുഷ്യരെയും ആരാധിക്കുവാനായി പാടില്ല.

2. ദൂതൻന്മാരെ ആരാധിക്കരുത്.

സ്വർഗ്ഗീയ വെളിപ്പാടുനൽകിയ ദൂതനെ യോഹന്നാൻ നമസ്കരിക്കാൻ ശ്രമിച്ചപ്പോൾ അത് തടയുന്നു. "ഞാൻ അവനെ നമസ്കരിക്കേണ്ടതിന്നു അവന്റെ കാൽക്കൽവീണു.അപ്പോൾ അവൻ എന്നോടു: അരുതു ഞാൻ നിനക്കും യേശുവിന്റെ സാക്ഷ്യം ഉള്ള നിന്റെ സഹോദന്മാർക്കും സഹഭൃത്യനത്രെ; ദൈവത്തെ നമസ്കരിക്ക" (വെളി. 19:10, 22: 8,9)

3. പ്രകൃതിശക്തികളെ ആരാധിക്കരുത്.

"അവൻ കാറ്റുകളെ തന്റെ ദൂതൻമാരും അഗ്നിജ്വാലയെ തന്റെ ശുശ്രൂഷകന്മാരും ആക്കുന്നു"(എബ്രാ. 1:7). ദൈവത്തിന്റെ ആജ്ഞാനിവൃത്തികൾ ആണ് പ്രപഞ്ചശക്തികൾ. അവയെ ഒരിക്കലും ആരാധിക്കാൻ പാടില്ല.

4. അന്യദൈവത്തെ ആരാധിക്കരുത്.

"ഞാൻ കല്പിച്ചിട്ടില്ലാത്ത അന്യദൈവങ്ങളെയോ സൂര്യചന്ദ്രന്മാരെയോ ആകാശത്തിലെ ശേഷം സൈന്യത്തെയോ ചെന്നു സേവിച്ചു നമസ്കരിക്കയും ചെയ്ത പുരുഷനാകട്ടെ സ്ത്രീയാകട്ടെ........ പട്ടണവാതിലിനു പുറത്ത്കൊണ്ടുപോയി കല്ലെറിഞ്ഞു കൊല്ലണം" (ആവ. 17:3-5).

5. പ്രതിമയെ നമസ്ക്കരിക്കരുത്.

"ഒരു വിഗ്രഹം ഉണ്ടാക്കരുത്; മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കുകീഴെ വെള്ളത്തിലെങ്കിലും യാതൊന്നിന്റെയും പ്രതിമ അരുത്. അവയെ നമസ്ക്കരിക്കയോ സേവിക്കയോ ചെയ്യരുത്" (പുറ. 20:4,5, ലേവ്യ. 26:1)

6. സാത്തനെ ആരാധിക്കരുത്.

സാത്താൻ ആരാധന ആഗ്രഹിക്കുന്ന വ്യക്തിയാണ്. സാത്താന്റെ പള്ളിക്കാർ എന്ന ഒരുകൂട്ടർ ഇന്ന് ഇൻഡ്യയിലും, കേരളത്തിലും പ്രവർത്തിക്കുന്നുണ്ട്. ലൂസിഫറാണ് അവരുടെ ദൈവം. മനുഷ്യരെല്ലാം അവനെ ആരാധിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. യേശുക്രിസ്തുവിനെപ്പോലും നമസ്കരിക്കാൻ അവൻ പ്രേരിപ്പിച്ചിട്ടുണ്ട്."നീ എന്നെ നമസ്കരിച്ചാൽ അതെല്ലാം നിന്റേതാകും എന്ന് അവനോടു പറഞ്ഞു" (ലൂക്കൊസ് 4:7). നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമെ ആരാധിക്കാവു എന്നാണ് കർത്താവ് കൊടുത്ത മറുപടി.

ഒരു ദൈവപൈതൽ ആരാധിക്കേണ്ടത് പിതാവാം ദൈവത്തെയാണ്. പിതാവിനെ നേരിട്ട് ആരാധിക്കുവാൻ നമുക്ക് പ്രമാണമില്ല. പുത്രനാണ് നമുക്ക് മദ്ധ്യസ്ഥനായിവന്നത്. പുത്രനാം ദൈവത്തിൽക്കൂടി പരിശുദ്ധാത്മാവിന്റെ സഹായത്താൽ പിതാവാം ദൈവത്തെ മാത്രം നമുക്ക് ആരാധിച്ചു മഹത്വപ്പെടുത്താം. (തുടരും)


www.bahrainbrethren.com

# പരിണാമ സൃഷ്ടി വിവാദം : ഒരു പുനഃപരിശോധന – 28

DR. JOHNSON GEORGE, TORONTO, CANADA

**അദ്ധ്യായം 20. ജലപ്രളയത്തിനെതിരെയുള്ള ആക്ഷേപങ്ങൾക്ക് മറുപടി. Part III**

**ആക്ഷേപം 3** : ഒരു ആഗോള ജലപ്രളയം ഉണ്ടായിട്ടുണ്ടെങ്കിൽ സമുദ്രത്തിലെ ഉപ്പുള്ള ജലവും (saltwater) കരയിലെ ഉപ്പില്ലാത്ത ജലവും (freshwater) തമ്മിൽ കൂടിക്കലർന്നിരിക്കണം. ഇങ്ങനെ വെള്ളം കൂടിക്കലർന്നാൽ വെള്ളത്തിലുള്ള മിക്കജന്തുക്കളും,പ്രത്യേകിച്ച് മീനുകൾ എല്ലാം ചത്തുപോകും. സമുദ്രത്തിലെ മീനുകൾക്ക് ഉപ്പ്കുറഞ്ഞ വെള്ളത്തിൽ ജീവിക്കുവാൻ സാധിക്കുകയില്ല. അതുപോലെ നദിയിലും തടാകത്തിലും ജീവിക്കുന്ന മീനുകൾക്ക് ഉപ്പ്കൂടിയ വെള്ളത്തിൽ ജീവിക്കാനും ഒക്കുകയില്ല. ഇങ്ങനെയിരിക്കെ മീനുകൾ എങ്ങനെ ഒരു ആഗോള ജലപ്രളയത്തെ അതിജീവിച്ചു?

**മറുപടി:** ഇന്ന് സമുദ്രത്തിൽ കാണുന്നത്രയും ഉപ്പുരസം (salinity) നോഹയുടെ കാലത്തെ സമുദ്രത്തിലും ഉണ്ടായിരുന്നു എന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് പരിണാമവാദികൾ ഈ ചോദ്യം കൊണ്ടുവരുന്നത്. പക്ഷേ അന്നുണ്ടായിരുന്ന സമുദ്രത്തിൽ ഇന്ന് കാണുന്നത്രയും തന്നെ ഉപ്പുരസം ഉണ്ടായിരുന്നുവോ എന്ന് തീരുമാനിക്കുവാൻ നമുക്ക്യാതൊരു വഴിയുമില്ല. എങ്കിലും ജീവാശ്മരേഖ (fossil record) പരിശോധിക്കുമ്പോൾ മീനുകളുടെ വലിയ ഒരു സംഖ്യ പ്രളയത്തിൽ നശിച്ച് ഇന്ന് ജീവാശ്മങ്ങളായി ഊറൽ പാറകളിൽ (sedimentary rocks) അടിഞ്ഞിരിക്കുന്നതായിക്കാണാം. വാസ്തവത്തിൽ 95% ജീവാശ്മങ്ങളും കടൽ ജീവികളുടേതാണ്, അതിൽ നല്ല ഒരു പങ്ക് മത്സ്യങ്ങളുടേതും. പക്ഷേ ഈ മീനുകൾ എല്ലാം ചത്തത് വെള്ളത്തിന്റെ ഉപ്പുരസത്തിന് മാറ്റം വന്നതുകൊണ്ടാണോ അതോ അവ ഊറലിൽ(sediment) കുടുങ്ങിയതുകൊണ്ടാണോ എന്ന് തീരുമാനിക്കുവാൻ പ്രയാസം ഉണ്ട്. ഈ ദുരന്തത്തിൽ പല മത്സ്യങ്ങൾക്ക് വംശനാശം വന്നതായും (extinct) മനസ്സിലാകുന്നു. അതായത് ജലപ്രളയത്തിന് ശേഷം ആ തരം (kind) മീനുകൾ ഭൂമിയിൽ ജീവിച്ചിരുന്നിട്ടില്ല.

പക്ഷേ ജീവനോട് ശേഷിച്ച മീനുകൾ പ്രളയസമയത്ത് ഉപ്പുരസത്തിന്റെ പ്രതികൂലതയെ എങ്ങനെ അതിജീവിച്ചു എന്നതിന് പല സാദ്ധ്യതകളുണ്ട്. താഴെപറയുന്ന ന്യായങ്ങൾ ശ്രദ്ധിക്കുക.

1. നോഹയുടെ കാലത്തെ കടൽവെള്ളത്തിൽ ഇന്ന് കടലിൽ കാണുന്നത്രയും ഉപ്പുരസം ഉണ്ടായിരുന്നിരിക്കുവാൻ സാദ്ധ്യത ഇല്ല. ഇന്ന് കടലിൽ ഉപ്പുരസം ഓരോ വർഷവും ക്രമേണ കൂടിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് നോഹയുടെ കാലത്ത് (ഇന്നത്തേക്ക് 4500 വർഷങ്ങൾ മുമ്പ്) സമുദ്രത്തിൽ ഉപ്പുരസം ഇന്നത്തേക്കാൾ കുറഞ്ഞിരിക്കുവാനാണ് സാദ്ധ്യത. അങ്ങനെ സമുദ്രജലവും കരയിലെ ജലവും തമ്മിൽ കൂടിക്കലർന്നപ്പോൾ ജലത്തിന്റെ ഉപ്പുരസത്തിന് വലിയ വ്യത്യാസം വന്നിരിക്കുവാൻ സാദ്ധ്യതയില്ല.

2. ഇന്നത്തെ സ്ഥിതി അനുസരിച്ച് ചില മീനുകൾക്ക് ഉപ്പുള്ള വെള്ളത്തിൽ മാത്രമെ ജീവിക്കുവാൻ സാധിക്കൂ, ചില മീനുകൾക്ക് ഉപ്പില്ലാത്ത വെള്ളത്തിലും പക്ഷേ Salmon, Atlantic Sturgeon എന്നിങ്ങനെയുള്ള ചില മീനുകൾക്ക് രണ്ട് സാഹചര്യങ്ങളിലും ജീവിക്കാം. ഒരു സാഹചര്യത്തിൽ മാത്രം ജീവിക്കുവാൻ വിധിക്കപ്പെട്ടിരിക്കുന്ന മീനുകൾ, നീണ്ട വർഷങ്ങൾ ആ സാഹചര്യത്തിൽ ജീവിച്ചതുകൊണ്ട്, ആ കഴിവ് വികസിപ്പിച്ചെടുത്തതാണ് എന്നാണ് മനസിലാകുന്നത്. ഇങ്ങനെ പരിതഃസ്ഥിതിയുമായി പൊരുത്തപ്പെട്ടു പോകുവാൻ ജീവികൾ തങ്ങളിൽ തന്നെ മാറ്റം വരുത്തുന്നതിനെ അനുരൂപീകരണം (adaptation) എന്നു പറയുന്നു. നോഹയുടെ ജലപ്രളയത്തെ അതിജീവിച്ച എല്ലാ ജന്തുക്കളിലും കഴിഞ്ഞ 4500 വർഷങ്ങൾക്കുള്ളിൽ ചുറ്റുപാടുമായി പൊരുത്തപ്പെട്ടു പോകുവാനായി ധാരാളം വ്യത്യാസങ്ങൾ ഉണ്ടായി വന്നിട്ടുണ്ട്.ഈ കാരണത്താൽ ഇന്ന് ചില മീനുകൾക്ക് ഉപ്പു വെള്ളത്തിലും ചില മീനുകൾക്ക് ഉപ്പില്ലാത്ത വെള്ളത്തിലും മാത്രമെ ജീവിക്കുവാൻ സാധിക്കൂ എന്ന നില വന്നിരിക്കുന്നു. ഈ മാറ്റം സമുദ്രത്തിൽ ഉപ്പുരസം കൂടിവന്നതുകൊണ്ട് ക്രമേണ ഉണ്ടായി വന്ന ഒരു പ്രതിഭാസം ആകയാൽ നോഹയുടെ കാലത്തുണ്ടായിരുന്ന സമുദ്രത്തിലെ മീനുകൾക്ക് ഇങ്ങനെ ഒരു പ്രശ്നത്തെ നേരിടേണ്ടി വന്നിരിക്കയില്ല.

3. വെള്ളത്തിൽ ഉപ്പുരസത്തിന്റെ അളവ് സാവധാനമായി കൂടുകയോ കുറയുകയോ ചെയ്താൽ പല മീനുകൾക്കും ഈ മാറ്റത്തോട് പൊരുത്തപ്പെട്ട് പോകുവാൻ സാധിക്കുന്നു എന്ന് പരീക്ഷണങ്ങൾ തെളിയിക്കുന്നു.

4. വലിയ ഒഴുക്കും കലക്കവും(turbidity) ഇല്ലാത്ത സ്ഥലങ്ങളിൽ ഉപ്പില്ലാത്ത വെള്ളവും ഉപ്പുള്ള വെള്ളവും കൂടിക്കലരാതെ രണ്ട് അടുക്കുകളായി (layers) നിലകൊള്ളുന്നതായും ശാസ്ത്രജ്ഞന്മാർ നിരീക്ഷിച്ചിട്ടുണ്ട്(മുകളിൽ ഉപ്പില്ലാത്ത ജലവും താഴെ ഉപ്പുള്ള ജലവും). ഇങ്ങനെ വെള്ളം കൂടിക്കലരാതിരുന്നിടങ്ങളിൽ പല മീനുകൾക്കും രക്ഷപെടുവാൻ കഴിഞ്ഞിരിക്കണം.

**ആക്ഷേപം 4.** ഒരു ആഗോള ജലപ്രളയത്തിൽ ഭൂമിക്ക് ചുറ്റും വളരെ കട്ടിയിൽ പല അടുക്കുകളായി ഊറൽ അടിഞ്ഞു എങ്കിൽ സസ്യങ്ങൾ എല്ലാം ആ ഊറലിന്റെ അടിയിൽ ആയിപ്പോയി



www.bahrainbrethren.com

ക്കാണുമല്ലൊ. പിന്നെ ഇന്ന് ഭൂമിയിൽ കാണുന്ന സസ്യങ്ങൾ എല്ലാം എവിടെ നിന്ന് വന്നു?

**മറുപടി:** ഭൂമിക്ക് ചുറ്റും ഊറൽ അടിഞ്ഞപ്പോൾ അന്നുണ്ടായിരുന്ന സസ്യലോകം മുഴുവനും ഊറലിന് അടിയിൽ ആയിപ്പോയി എന്നതാണ് വാസ്തവം. ഇന്നുള്ള ഊറൽ പാറകൾ പരിശോധിക്കുമ്പോൾ അതിൽ ജന്തുക്കളുടെ ജീവാശ്മങ്ങളോടൊപ്പം ധാരാളം സസ്യങ്ങളുടെയും വൃക്ഷങ്ങളുടെയും ജീവാശ്മങ്ങളും കാണപ്പെടുന്നു. ഇന്ന് ഹിമപാളികളുടെ (icesheets) അടിയിലായിരിക്കുന്ന ധ്രുവപ്രദേശങ്ങളിൽ (Polar regions) നിന്നുപോലും ധാരാളം സസ്യങ്ങളുടെ ജീവാശ്മങ്ങൾ ലഭിച്ചിട്ടുണ്ട്. ഇതിൽനിന്നും നോഹയുടെ കാലത്തിന് മുമ്പുണ്ടായിരുന്ന ഭൂമിയിൽ എല്ലായിടത്തും സസ്യങ്ങളും വൃക്ഷങ്ങളും തഴച്ച് വളർന്നിരുന്നു എന്ന് മനസ്സിലാകുന്നു. പക്ഷേ അവ എല്ലാം ഊറലിന് അടിയിൽ ആയിപ്പോയി.

ഊറലിന് അടിയിൽ ആയിപ്പോയ വൃക്ഷങ്ങൾക്ക് ചൂടിനാലും സമ്മർദ്ദത്താലും (Heat and pressure) മാറ്റം വന്നാണ് കല്ക്കരിയും(Coal) പെട്രോളിയവും ഭൂമിക്കുള്ളിൽ ഉണ്ടായിരിക്കുന്നത് എന്ന് ശാസ്ത്രജ്ഞൻമാർ മനസ്സിലാക്കുന്നു. കോടിക്കണക്കിന് വർഷങ്ങളിലൂടെ ഉണ്ടാകുന്ന മാറ്റങ്ങളിലൂടെ മാത്രമെ ഇത് സംഭവിക്കൂ എന്ന് പരിണാമവാദികൾ പറയുന്നു. പക്ഷ വെറും ആഴ്ചകൾക്കുള്ളിൽ തടിയിൽ നിന്ന് കല്ക്കരിയും പെട്രോളിയവും ഉണ്ടാക്കി എടുക്കാം എന്ന് സൃഷ്ടിവാദശാസ്ത്രജ്ഞന്മാർ പരീക്ഷണ ശാലയിൽ തെളിയിച്ചിരിക്കുന്നു. അതുകൊണ്ട് ആദിയിൽ ദൈവം ഭൂമിയെ സൃഷ്ടിച്ചപ്പോൾ കല്ക്കരിയും പെട്രോളിയവും ഉൾപ്പെടുത്തിയല്ല സൃഷ്ടിച്ചത് എങ്കിൽ, ഇന്ന് ഭൂമിക്കുള്ളിൽനിന്ന് ലഭിക്കുന്ന കല്ക്കരിയും പെട്രോളിയവും മുഴുവനും നോഹയുടെ കാലത്തെ ജലപ്രളയത്തിൽ വൃക്ഷങ്ങൾ ഊറലിന് അടിയിൽ ആയിപ്പോയതുകൊണ്ട് ഉണ്ടായിവന്നതാണെന്ന് നമുക്ക് ന്യായമായി മനസ്സിലാക്കാം.

വെള്ളം കയറാതിരിക്കാൻ വേണ്ടി നോഹ പെട്ടകത്തിന് കീൽ (Pitch) തേച്ചു എന്ന് ബൈബിൾ പറയുന്നു (ഉല്പത്തി6:14). ഇന്ന് കീൽ ഉണ്ടാക്കി എടുക്കുന്നത് കല്ക്കരിയിൽ നിന്നും പെട്രോളിയത്തിൽ നിന്നുമാണ്. നോഹയുടെ കാലത്തിന് ശേഷമാണ് ഇവ ഭൂമിക്കുള്ളിൽ ഉണ്ടായി വന്നതെങ്കിൽ നോഹയ്ക്ക് കീൽ എവിടെ നിന്ന് ലഭിച്ചു എന്ന് പരിണാമവാദികൾ ചോദിക്കുന്നു. പക്ഷേ തടി ചൂടാക്കിയും കീൽ ഉണ്ടാക്കി എടുക്കാം എന്നുള്ളത് ഒരു വസ്തുത ആണ്. കല്ക്കരി കുഴിച്ചെടുക്കുന്നതിന് ഏകദേശം ആയിരം വർഷങ്ങൾക്ക് മുമ്പ്തന്നെ യൂറോപ്പിൽ തടിയിൽ നിന്ന് ലഭിക്കുന്ന കീൽ ഉപയോഗിച്ച് കപ്പൽ നിർമ്മാണം ആരംഭിച്ചിരുന്നു. പെട്ടകം ഉണ്ടാക്കുവാനായി ആയിരക്കണക്കിന് വൃക്ഷങ്ങൾ വെട്ടിയിട്ട നോഹയ്ക്ക് കീൽ ഉണ്ടാക്കി എടുക്കുവാൻ പ്രയാസം ഉണ്ടായിക്കാണുകയില്ല.

വൃക്ഷങ്ങളാൽ നിറഞ്ഞുനിന്ന ഏദൻതോട്ടത്തിന് പ്രളയസമയത്ത് എന്ത് സംഭവിച്ചു എന്ന് ചിന്തിക്കുന്നതും സന്ദർഭോചിതം ആയിരിക്കും. ഇന്നത്തെ ഭൂമിയിൽ ഏദൻതോട്ടത്തിന്റെ സ്ഥലനിർണ്ണയം നടത്തുവാനായി പലരും പാഴ്ശ്രമം നടത്താറുണ്ട്. പക്ഷേ ജലപ്രളയസമയത്ത് ഭൂമിക്കു ചുറ്റും ശരാശരി 1 മൈൽ കട്ടിയിൽ ഊറൽ അടിഞ്ഞിട്ടുണ്ട് എന്ന് നാം മനസിലാക്കുമ്പോൾ പഴയ ഭൂമിയിലുണ്ടായിരുന്ന യാതൊരു അടയാളങ്ങളും (Land marks) ഇന്ന് നമുക്ക് കണ്ടെടുക്കുവാൻ സാധിക്കുകയില്ല എന്ന് സ്പഷ്ടമാകുന്നു. ഏദൻതോട്ടവും അവിടെ തഴച്ചുവളർന്നിരുന്ന വൃക്ഷങ്ങളും എല്ലാം ഊറലിനടിയിലായിപ്പോയി എന്നതാണ് വാസ്തവം. ഏദൻ തോട്ടത്തിലുണ്ടായിരുന്ന 4 നദികളിൽ 2 യൂഫ്രട്ടീസും ടൈഗ്രീസും ആയിരുന്നു. ഈ പേരുള്ള 2 നദികൾ ഇന്ന് ഇറാഖിൽ ഉള്ളതുകൊണ്ട് ഏദൻതോട്ടം ഇറാഖിലായിരുന്നു എന്ന് പലരും ധരിച്ചിരിക്കുന്നു. പക്ഷേ ഇന്ന് ഇറാഖിൽ കാണുന്ന നദികൾക്ക് ഏദൻ തോട്ടത്തിലെ നദികളുമായി യാതൊരു ബന്ധവുമില്ലാതിരിക്കാനാണ് സാദ്ധ്യത. നോഹയും മക്കളും പെട്ടകത്തിൽ നിന്ന് പുറത്തുവന്നപ്പോൾ അവർ കണ്ട 2 നദികൾക്ക് പഴയ ഭൂമിയിലെ ഓർമ്മവെച്ച് ആ പേരുകൾ അവർ കൊടുത്തു എന്നു മാത്രം. ഇംഗ്ലണ്ടിൽ നിന്ന് അമേരിക്കയിലേക്കും ആസ്ട്രേലിയയിലേക്കും കുടിയേറിപ്പോയവർ അവരുടെ പുതിയ പല പട്ടണങ്ങൾക്കും ഇംഗ്ലണ്ടിലുള്ള സ്ഥലപേരുകൾ ഇട്ടിരിക്കുന്നതുപോലെ.

അന്നുണ്ടായിരുന്ന സസ്യങ്ങളെല്ലാം ഊറലിന് അടിയിൽ ആയിപ്പോയിട്ടും ഇന്ന് നമുക്ക് ലഭ്യമായിരിക്കുന്ന സസ്യങ്ങൾ എവിടെ നിന്ന് വന്നു എന്ന ചോദ്യത്തിന് ഉത്തരം ലളിതമാണ്. അന്നുണ്ടായ പ്രകൃതിക്ഷോഭത്തിൽ ധാരാളം സസ്യങ്ങൾ പിഴുതും ഒടിഞ്ഞും മാത്രമല്ല അവയുടെ വിത്തുകളും (Seeds) വെള്ളത്തിൽ ഒഴുകിനടന്നിരിക്കണം. ഭൂരിഭാഗം വിത്തുകളും അനുകൂല സാഹചര്യം ലഭിക്കാത്തിടത്തോളം കാലം മുളയ്ക്കുകയില്ല(germinate). പ്രളയജലം ഇറങ്ങിതുടങ്ങിയപ്പോൾ ഒഴുകിനടന്ന സസ്യങ്ങളും വിത്തുകളും മണ്ണിൽ വീണ് മുളയ്ക്കുവാൻ തുടങ്ങി. ഇങ്ങനെ മുളച്ചുവന്ന ഒരു ഒലിവില ആണ് പ്രാവ് നോഹയുടെ അടുത്ത് കൊണ്ടുവന്നത് (ഉല്പത്തി 8:11). പെട്ടകത്തിനുള്ളിൽ ഭക്ഷ്യപദാർത്ഥങ്ങളായി കൊണ്ടുപോയ സസ്യങ്ങളിൽ (ഉല്പത്തി 6:21) ശേഷിച്ചവയിൽ ചിലതും പ്രളയശേഷം ഭൂമിയിൽ വിത്തായി ഭവിച്ചുകാണും. (തുടരും)



www.bahrainbrethren.com

# മാളികമുറി പ്രഭാഷണം - 14

ഡോ. ഒ.എം. സാമുവേൽ

**നീ**ക്കിക്കളയുക എന്ന് തർജ്ജമ ചെയ്തിരിക്കുന്ന ഗ്രീക്കു വാക്ക് Airo എന്നാണ്. പുതിയനിയമത്തിൽ ഈ പദം 102 പ്രാവശ്യം ആവർത്തിച്ചു വരുന്നുണ്ട്. 40 ലധികം പ്രാവശ്യം ഉയർത്തുക, നേരെ നിർത്തുക എന്നൊക്കെയാണ് തർജ്ജമ ചെയ്തിരിക്കുന്നത്. ലൂക്കൊസ് 17:13-ൽ *ഞങ്ങളോടു കരുണയുണ്ടാകേണമേ എന്ന് ഉറക്കെ പറഞ്ഞു* (lifted up their voice), യോഹ.11:41-ൽ *യേശു മേലോട്ടു നോക്കി* (Jesus lifted up His eye), വെളി.10:5-ൽ *ഞാൻ കണ്ട ദൂതൻ വലങ്കൈ ആകാശത്തേക്കു ഉയർത്തി* (lifted up his hand); ഇതുപോലെ കായ്ക്കാത്ത കൊമ്പുകളെ അവൻ ഉയർത്തുന്നു. ഫലം കായ്ക്കാതിരിക്കത്തക്കവണ്ണം മുന്തിരിവള്ളി ഭൂമിയിൽ പടർന്നു കിടക്കാൻ സാധ്യതയുണ്ട്. അങ്ങനെയുള്ള കൊമ്പുകളെ ഭൂമിയിൽ നിന്നും ഉയർത്തുന്നു. സൂര്യപ്രകാശവും വായുവും കൂടുതൽ ലഭിക്കത്തക്കവണ്ണം അന്തരീക്ഷത്തിൽ ഉയർത്തി നിർത്തുന്നു. മുന്തിരിയുമായി പരിചയമുള്ളവർക്ക് ഈ ആശയം കൂടുതൽ എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയും. ആത്മീയമായും ഇതിന്റെ അന്തഃസത്ത നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. ഫലം പുറപ്പെടാതിരിക്കത്തക്കവണ്ണം ലോകവുമായി നാം ഇഴുകിച്ചേർന്നു പോകും. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നതാണ്. അങ്ങനെയുള്ള ലോകത്തിലേക്ക് നമ്മുടെ കണ്ണുകളെ പതിപ്പിക്കാതെ ഉയരത്തിലേക്ക് നാം നോക്കേണ്ടതാണ്. അങ്ങനെ ഉയരത്തിലുള്ളത് ചിന്തിക്കുമ്പോൾ നമ്മിൽ ഫലം പുറപ്പെടും. മാത്രവുമല്ല ആരാണ് ഈ ശാഖ നീക്കിക്കളയുന്നത്? തോട്ടക്കാരനായ പിതാവാണ്. പിതാവൊരിക്കലും ന്യായവിധി നടത്തുന്നില്ലല്ലോ. ന്യായവിധി എല്ലാം പുത്രനെ ഏല്പിച്ചിരിക്കുകയാണ്. പിതാവ് നീക്കിക്കളയണമെങ്കിൽ ആ ശാഖ വിശ്വാസി തന്നെയെന്നുള്ളതിന്ന് സംശയമില്ലല്ലോ.

വിശ്വാസിയോടുള്ള ബന്ധത്തിൽ ലഭിക്കുന്ന പാഠം മഹനീയമാണ്. എഫെസ്യർക്കെഴുതിയ ലേഖനത്തിൽ വിശ്വാസികളുടെ ജീവിതം എഫെസോസു പട്ടണത്തിന്റെ പ്രാന്ത പ്രദേശങ്ങളിലാണെങ്കിലും ആത്മീയമായി അവർ ഉയർത്തപ്പെട്ട് സ്വർഗ്ഗസ്ഥലങ്ങളിൽ ഇരുത്തപ്പെട്ടിരിക്കുകയല്ലേ? ലോകത്തിലാണ് നമ്മുടെ വാസം എങ്കിലും നാം ഈ ലോകത്തിന് അനുരൂപരാകാതെ ജീവിക്കുക എന്നുള്ളതാണല്ലോ കരണീയം. ഇങ്ങനെ ഉയർത്തപ്പെട്ട അവസ്ഥാവിശേഷത്തിൽ ഒരു വിശ്വാസി ജീവിച്ചെങ്കിൽ മാത്രമേ ഫലപ്രദമായ ക്രിസ്തീയ ജീവിതം നയിക്കുവാൻ നമുക്കു കഴിയുകയുള്ളൂ. അങ്ങനെ നീതി ഫലം നിറഞ്ഞ ജീവിത ശൈലി നമുക്ക് ഓരോരുത്തർക്കും ഉണ്ടാകാൻ കർത്താവ് സഹായിക്കട്ടെ.

കായ്ക്കുന്നതൊക്കെയും അധികം ഫലം കായ്ക്കേണ്ടതിന് ചെത്തി വെടിപ്പാക്കുന്നു. കൂടുതൽ ഫലം കായിക്കുകയെന്നുള്ളത് സന്തോഷകരമായ അനുഭവമാണെങ്കിലും അതിനാവശ്യമായ ചെത്തി വെടിപ്പാക്കുന്ന പ്രക്രിയ ഒരിക്കലും ആഗ്രഹിക്കത്തക്കതല്ല. വേദനയുടെയും കണ്ണുനീരിന്റെയും അനുഭവ പരമ്പരകളാണ് ഈ ചെത്തി വെടിപ്പാക്കുന്ന പ്രക്രിയയെന്നുള്ളത്.

ഫലം കായ്ക്കുന്നതിനു തടസ്സമായി നിൽക്കുന്ന ജഡത്തിന്റെ താല്പര്യങ്ങളെ ക്രൂശിക്കേണ്ടതായി വരും. പുറത്തെ മനുഷ്യന്റെ വളർച്ച അമിതമായി വർദ്ധിക്കുമ്പോൾ ചില ശാസ്ത്രക്രിയകൾ നടത്തേണ്ടതായി വരും. ആവശ്യമില്ലാത്ത ഇലകൾ കൊണ്ട് ഭൂമിയിലേക്ക് ചാഞ്ഞു കിടക്കുന്ന ശാഖകൾ ചിലത് മുറിച്ചു കളയേണ്ടതായി വരും. അതുപോലെ കേടുള്ള ഭാഗങ്ങൾ മുറിച്ചു മാറ്റേണ്ടതായിട്ടുണ്ട്. കീടാണുക്കൾ പറ്റിപ്പിടിച്ചിരിക്കുന്ന തണ്ടുകൾ ശരിക്കും വെള്ളം ഉപയോഗിച്ച് കഴുകിവെടിപ്പാക്കേണ്ടതായിട്ടുണ്ട്. ഇങ്ങനെയുള്ള പരിചരണകൾ മുന്തിരിക്ക് ചെയ്യുന്നത് തോട്ടക്കാരനാണ്. നമ്മുടെ തോട്ടക്കാരൻ പിതാവാണ്. പിതാവായ ദൈവമാണ് കൂടുതൽ ഫലം കായ്ക്കത്തക്കവണ്ണമുള്ള ചെത്തിവെടിപ്പാക്കുന്ന ശുശ്രൂഷ ചെയ്യുന്നത്. എത്ര ആശ്വാസകരമായ ഒരു വസ്തുതയാണിത്. ചെത്തി വെടിപ്പാക്കുന്ന കത്തി സ്നേഹവാനായ പിതാവിന്റെ കരങ്ങളിലാണ് എന്നോർത്ത് ദൈവത്തെ സ്തുതിക്കാം. കഴുകുവാനും ചെത്തി വെടിപ്പാക്കുവാനും നാം പിതാവിന്റെ കരങ്ങളിൽ നമ്മെത്തന്നെ വിധേയപ്പെടുത്തി കൊടുക്കുന്നത് അത്യന്താപേക്ഷിതമാണ്.

വിശ്വാസജീവിതത്തിലെ നമ്മുടെ പരിശോധനകളെ ലാഘവബുദ്ധിയോടു കൂടെ വീക്ഷിക്കരുത്. പൗലൊസ് അപ്പൊസ്തലൻ ഇതോടുള്ള ബന്ധത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന അർത്ഥവത്തായ വാക്കുകൾ ശ്രദ്ധിക്കുക. *"കഷ്ടത സഹിഷ്ണതയെയും സഹിഷ്ണത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു"* (റോമർ 5:3). കഷ്ടതയുടെ പാരമ്യത്തിൽ നാം തളരുകയല്ല വളരുകയാണ് വേണ്ടത്. യാക്കോബ് തന്റെ ലേഖനത്തിൽ പറയുന്നത് *"വിശ്വാസത്തിന്റെ പരിശോധന*



www.bahrainbrethren.com

# ആരാധനാ ചിന്തകൾ – 4

**"ശവാരാധന അഥവാ അടക്കാരാധന"**

**റ്റി.ജെ. തോമസ്, കുളനട**

**ഈ** നാളുകളിൽ നമ്മുടെയിടയിലെ മാധ്യമങ്ങളിൽ "ശവാരാധന" എന്ന ശീർഷകത്തിൽ ചില ലേഖനം വായിക്കുകയുണ്ടായി. ശവസംസ്കാരവേളയിൽ അതിനിടയിൽ കുറച്ചുസമയം ആരാധനയെന്നു തോന്നുമാറ് സ്തോത്രഗീതങ്ങൾ, വേദഭാഗങ്ങൾ വായിക്കുക തുടങ്ങിയവക്കാണ് ശവാരാധന എന്ന് പറയുന്നതെന്ന് കരുതുന്നു. അങ്ങനെ ചെയ്യുന്നത് ശരിയോ തെറ്റോ എന്ന് പറയുന്നതല്ല ഈ ലേഖനോദ്ദേശ്യം. പ്രത്യുത അതിന് വചനത്തിൽ ആധാരമുണ്ടോ ഇല്ലയോ എന്നതാണ് ഉദ്ദേശ്യം.

നമ്മുടെ കർത്താവ് താൻ പിതൃസന്നിധിയിൽ പോകുന്നതിന് മുമ്പ് ശിഷ്യന്മാരോട് പറഞ്ഞു. ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം. പോകാഞ്ഞാൽ കാര്യസ്ഥൻ വരികയില്ല. കാര്യസ്ഥൻ വരുമ്പോൾ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും (യോഹ. 16:7-13). പെന്തക്കൊസ്തുനാളിൽ കാര്യസ്ഥൻ വരികയും സഭാരൂപീകരണം നടക്കുകയും ചെയ്തു (1 കൊരി. 12:13). കാര്യസ്ഥനായ പരിശുദ്ധാത്മാവായ ദൈവം സർവ്വജ്ഞാനിയാകയാൽ സകല സത്യത്തിലും ദൈവജനത്തെ വഴിനടത്തുവാൻ വരമൊഴിയായും വാമൊഴിയായും അപ്പൊസ്തലന്മാർ, പ്രവാചകന്മാർ എന്നിവർ മുഖേന സകല സത്യവും ഒരു കുറവുമില്ലാതെ വെളിപ്പെടുത്തിക്കഴിഞ്ഞു. ഇന്നുള്ള ദൈവജനം വെളിപ്പെടുത്തപ്പെട്ട സത്യത്തെ ബരോവയിലുള്ളവരെപ്പോലെ പൂർണ്ണ ജാഗ്രതയോടെ കൈക്കൊണ്ട് അത് അങ്ങനെ തന്നെയോ എന്ന് ശോധന ചെയ്ത് അതനുസരി

---

*സ്ഥിരത ഉളവാക്കുന്നു എന്നറിഞ്ഞ് അശേഷം സന്തോഷമെന്ന് എണ്ണുവിൻ."* വേദനാജനകങ്ങളായ അനുഭവങ്ങൾ നമ്മുടെ ജീവിതത്തിൽ വരുമ്പോൾ കൂടുതൽ ഫലം പുറപ്പെടുവിക്കാനുള്ള ഒരു മുഖാന്തരമാണെന്നോർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാൻ ഇടവരണം.

*ഞാൻ നിങ്ങളോട് സംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവർ ആകുന്നു* (15:3). യേശുക്രിസ്തു 13:10-ൽ പറയുന്നത് ഇതോടുള്ള ബന്ധത്തിൽ ശ്രദ്ധിക്കുക. *നിങ്ങൾ ബുദ്ധിയുള്ളവർ ആകുന്നു. എല്ലാവരും അല്ലാതാനും.* തന്നെ കാണിച്ചു കൊടുക്കുന്ന യൂദയുടെ സാന്നിധ്യമാണ് ഇങ്ങനെയൊരു പ്രസ്താവന ചെയ്യാൻ കാരണം. എന്നാൽ 15-ാം അദ്ധ്യായത്തിലെ കാര്യങ്ങൾ നടക്കുമ്പോൾ യൂദാ ഇല്ല.

ശിഷ്യന്മാർക്ക് ലഭിച്ചു കഴിഞ്ഞ ആത്മാവിന്റെ ശുദ്ധീകരണത്തോടുള്ള ബന്ധത്തിലുള്ള പ്രസ്താവനയായി ഇതിനെ പരിഗണിക്കാം. അതേ സമയം തന്നെ തുടർച്ചയായി വചനമെന്ന വെള്ളത്താൽ നമുക്ക് കഴുകൽ ആവശ്യമാണ്. കൂടുതൽ ഫലം കായ്ക്കാൻ ആവശ്യമായിട്ടുള്ളത് തുടർമാനമായ ശുദ്ധീകരണമാണ്.

*എന്നിൽ വസിപ്പിൻ ഞാൻ നിങ്ങളിലും വസിക്കും* (15:4). എന്നിൽ ആകുക (in Christ) എന്നുള്ളതും എന്നിൽ വസിക്കുക (abide in me) എന്നുള്ളതും ഒരു വസ്തുതയല്ല. ക്രിസ്തുവിൽ ആകുകയെന്നുള്ളത് രക്ഷിക്കപ്പെടുന്ന സന്ദർഭത്തിൽ ലഭിക്കുന്ന ഒരു സ്ഥാനമാണ്. ആത്മീയ സ്ഥാനവും പദവിയുമാണ്. എന്നാൽ അവനിൽ വസിക്കുക എന്നുള്ളത് നമ്മുടെ കർത്തവ്യബോധത്തെ കാണിക്കുന്നു. അവനിൽ വസിക്കുകയെന്നുള്ളത് വിശ്വാസികളുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ട ഒന്നാണ്. വീണ്ടും ജനനത്താൽ പുതുസൃഷ്ടിയാകുമ്പോൾ നാം ക്രിസ്തുവിൽ ആകുന്നു. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു (2 കൊരി. 5:17). അങ്ങനെ ക്രിസ്തുവിലായാൽ അവനിൽ വസിക്കാനുള്ള കടമ നമ്മിൽ നിക്ഷിപ്തമായിരിക്കുന്നു. അവനിലുള്ള നമ്മുടെ വാസം ചിലപ്പോഴൊക്കെ നഷ്ടപ്പെടാൻ സാധ്യതയുണ്ട്. ഫലം കായ്ക്കുന്നതിൽ ശ്രദ്ധിക്കേണ്ട സർവ്വപ്രധാനമായ മറ്റൊരു ഘടകമാണ് അവനിൽ വസിക്കുക എന്നുള്ളത്. നമുക്ക് അഭിമാനിക്കത്തക്ക ഒരു പദവിയാണ്. എന്നാൽ കർത്താവ് നമ്മിൽ വസിക്കുകയെന്നുള്ളതോ അവന്റെ കൃപയുടെ ബഹുത്വം എന്നുള്ളതല്ലാതെ എന്തു പറയാം.

ഈ ബന്ധം നിലനിൽക്കുന്നിടത്തോളം വളരെ ഫലം പുറപ്പെടുവിക്കുന്ന സ്ഥിതിവിശേഷം നമ്മിൽ ഉണ്ടാകും. ഈ ബന്ധത്തിൽ നിന്നും വ്യതിചലിക്കുമ്പോൾ ഫലം പുറപ്പെടുവിക്കുന്ന അനുഭവത്തിനും സാരമായ വ്യതിയാനം ഉണ്ടാകും. ശാഖകൾക്ക് സ്വയമായി ഫലം പുറപ്പെടുവിക്കാൻ കഴിയുകയില്ല. ശാഖകളിൽ മുന്തിരിങ്ങയുണ്ടാകുന്നത് പ്രധാനശാഖയിൽ നിന്നും ലഭിക്കുന്നതാണ്. മുന്തിരിയാണ് ഫലം പുറപ്പെടുവിക്കുന്നത്. മുന്തിരിയുടെ ഫലം ചുമന്നു കൊണ്ടു നിൽക്കുന്ന ജോലിയാണ് യഥാർത്ഥത്തിൽ ശാഖകൾക്കുള്ളത്. **(തുടരും)**



www.bahrainbrethren.com

ക്കുകയാണ് ചെയ്യേണ്ടത് (പ്രവൃ. 17:13) ഈതിരുവെഴുത്ത് "സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നതാണല്ലോ" (സങ്കീ. 119:89). അതു മാത്രമാണ് നാം അനുകരിക്കേണ്ടത്. ആ കാര്യത്തിൽ ബ്രദറൺകാരായ നാം വളരെ ശ്രദ്ധാലുക്കളുമാണല്ലോ.

യഹൂദറെബിമാർ തിരുവെഴുത്തുകളെ ചരിത്രം, ഉപദേശം, പ്രവചനം ഇങ്ങനെ മൂന്നായി വിഭജിച്ചു പഠിപ്പിച്ചു വന്നു. ഈ വിഭജനത്തിന്മേൽ സ്വർഗ്ഗീയ അംഗീകാരമുണ്ടായിരുന്നു. കാരണം ഉയിർത്തെഴുന്നേറ്റ കർത്താവ് എമ്മവുസിലേക്കുള്ള യാത്രയിൽ ലൂക്കൊസ് 24-ാം അദ്ധ്യായത്തിൽ ശിഷ്യന്മാർക്ക് തന്നെപ്പറ്റി വെളിപ്പെടുത്താൻ മോശെയുടെ ന്യായപ്രമാണത്തിൽ നിന്നും പ്രവാചക പുസ്തകത്തിൽ നിന്നും സങ്കീർത്തനങ്ങളിൽ നിന്നും വെളിവാക്കിക്കൊടുത്തു. വെളിപ്പെടുത്തപ്പെട്ട ഈ തിരുവെഴുത്തോട് കൂട്ടാനും അതിൽ നിന്ന് കുറയ്ക്കാനും പാടില്ല എന്ന് ഈ 3 ഭാഗങ്ങളിലും നിരോധാജ്ഞയും നൽകിയിട്ടുണ്ട്. അവ ആവ. 4:2, സദൃ. 30:6, വെളി. 22:18,19 എന്നീ ഭാഗങ്ങളിൽ യഥാക്രമം കാണാം. ഒരു സാഹിത്യ രചന പൂർത്തീകരിച്ച് പ്രസിദ്ധീകരിക്കുമ്പോൾ "പകർപ്പവകാശം ഗ്രന്ഥകർത്താവിന്" എന്ന് മുദ്രണം ചെയ്യാറുണ്ട്. അതിനെ ആരെങ്കിലും ലംഘിച്ചാൽ അവർ നിയമത്തിന്റെ മുമ്പിൽ നിൽക്കേണ്ടതായും ഭവിഷ്യത്ത് നേരിടേണ്ടതായും വരും. സ്വർഗ്ഗീയ നിരോധനാജ്ഞ എത്ര ലംഘനമേറിയതാണ്?

എല്ലാ തിരുവെഴുത്തും ദൈവനിശ്വാസ്യമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവർത്തിക്കും വകപ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാകുന്നു (2 തിമൊ. 3:16, 17). എല്ലാ തിരുവെഴുത്തുകളും ദൈവശ്വാസീയം അഥവാ ദൈവത്താൽ ഊതപ്പെട്ടതാകയാൽ അതു നമുക്ക് പ്രബോധനത്തിനും ഉപദേശത്തിനും ഗുണീകരണത്തിനുമാണ്. അതിലില്ലാത്ത ഒന്നു നാം അനുകരിക്കുന്നുവെങ്കിൽ അതിനോടുകൂടി ചേർക്കാൻശ്രമിക്കയാണ്. അതു പാടില്ല എന്ന് 3 ഇടങ്ങളിൽ നാം കണ്ടല്ലോ. രണ്ടോ മൂന്നോ സാക്ഷികളുടെ വാമൊഴി ഏതുകാര്യവും ഉറപ്പാകും എന്ന ദൈവീക പ്രമാണവും സജീവമായുണ്ടല്ലോ.

അടുത്തതായി ശവാരാധന എന്നു പറയുന്നതിന് വചനത്തിൽ എന്ത്സ്ഥാനമെന്ന് നോക്കി ഈ ലേഖനം അവസാനിപ്പിക്കാം. സഭാരൂപീകരണത്തിനുശേഷം പ്രവൃ. 5-ാം അദ്ധ്യായത്തിൽ സാമ്പത്തീക കാര്യത്തിൽ ദൈവത്തോട് അവിശ്വസ്തത കാണിച്ച അനന്യാസും സഫിറയും അപ്പൊസ്തലന്റെ കാൽക്കൽ ഒരാളിന്റെ പുറകേ മറ്റേ ആളും ഉടൻതന്നെ മരിച്ചു വീണു. ഉടനെതന്നെ ബാല്യക്കാർ വന്നു. ശീലകൾ ചുറ്റി ഒന്നിനു പുറകെ ഒന്നായി കൊണ്ടുപോയി. കുഴിച്ചിട്ടു എന്നു മാത്രം കാണുന്നു. അവിടെ പാട്ടോ, പ്രാർത്ഥനയോ സ്തോത്രമോ ഒന്നും കാണുന്നില്ല. അവർ ദൈവസന്നിധിയിൽ അവിശ്വസ്തത കാട്ടിയവർ എന്നു കരുതാം. എന്നാൽ പ്രവൃത്തി 8-ാം അദ്ധ്യായത്തിൽ രക്തസാക്ഷി മരണം വരിച്ച സ്തെഫാനോസിന്റെ മൃതശരീരം ഭക്തിയുള്ള പുരുഷന്മാർ അടക്കം ചെയ്തു. ഒരു വലിയ പ്രലാപം കഴിച്ചു എന്നു മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. അതിനും പാട്ടോ സ്തോത്രമോ ആരാധനയുടെ യാതൊരു സംഗതിയും നടന്നില്ല. ഹാബേൽ മുതൽ എത്രയോ കോടിക്കണക്കായവർ മരിച്ചു അടക്കം ചെയ്തിട്ടുണ്ട്. എങ്ങും ഒരു അടക്കാരാധനയുടെ സൂചന കാണുന്നില്ല. അബ്രാഹാമിന്റെ ഭാര്യ സാറാ, അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ്, യോസഫ് എന്നിവരുടെ ശവമടക്ക് ഉല്പത്തി പുസ്തകത്തിൽ കാണാം. സാറായുടേത് ഉൽ. 23, അബ്രാഹാമിന്റേത് ഉൽ. 25, യിസഹാക്കിന്റേത് ഉൽ.35, യാക്കോബിന്റേത് ഉൽ.50 എന്നീ അദ്ധ്യായങ്ങളിലും യോസഫിന്റേത് യോശുവാ. 24 ൽ അവന്റെ അവകാശ ഭൂവിയിലും സാറാ, അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ് എന്നിവരെ മക്ക്വേല ഗുഹയിലും അടക്കം ചെയ്തു. ഇവരുടെ ശവസംസ്കാരത്തിലും അടക്കാരാധന എന്ന യാതൊന്നും നടന്നില്ല. അതിന്റെ സൂചനകൾ പോലും ഇല്ല. ഇങ്ങനെ പഴയപുതിയനിയമത്തിലെങ്ങും ഇല്ലാത്ത ഒന്നിനായി തന്നെയുമല്ല വചനത്തിൽ അങ്ങനെ ഒന്നു ചെയ്യാൻ കല്പനയുമില്ലാത്തതിനായി ഈ 21-ാം നൂറ്റാണ്ടിൽ അതിനായി ഒരുങ്ങാമോ? ദൈവവചനത്തിൽ ഇല്ലാത്തതും ആരും ചെയ്തതായി പറഞ്ഞിട്ടില്ലാത്തതുമായ 'ശവാരാധന' എന്ന തുടർച്ച ദൈവജനമദ്ധ്യേ ഇല്ലാതെയിരിക്കുന്നതല്ലേ നല്ലത്. ബരോവയിലുള്ള വിശ്വാസികളെപ്പോലെ ഉത്തമമായ മാർഗ്ഗം തന്നെ തിരഞ്ഞെടുക്കാം. ദൈവമായ കർത്താവതിന് സഹായിക്കട്ടെ. ●

## വിലാസമാറ്റം

സുവി. രാജൻ വി.തോമസിന്റെ പുതിയ വിലാസം
Rajan V. Thomas (Evg.), Post Bag No.4,
Kozhencherry P.O., 689 641, Ph: 9947120181



www.bahrainbrethren.com

# അവസരം നഷ്ടമാക്കിയ അഹസ്യാവ്

വിൽസൺ വർഗീസ്, തേക്കുതോട്

**ജീ**വിതത്തിൽ ലഭിക്കുന്ന നല്ല അവസരങ്ങൾ ഉപയോഗപ്പെടുത്താതെ പാഴാക്കിയാൽ ഫലം നിരാശാജനകമായിരിക്കും. എപ്പോഴും ഒരുവനെ തേടി 'അവസരം' വരികയില്ല. ജീവിതത്തിൽ ലഭിക്കുന്ന നല്ല അവസരം നല്ലതിനു മാത്രം ഉപയോഗിക്കണം. ജീവിതത്തിൽ ലഭിച്ച വിലയേറിയ അവസരത്തെ ഉപയോഗപ്പെടുത്താതെ നഷ്ടമാക്കിത്തീർത്ത യിസ്രായേൽ രാജാവായ അഹസ്യാവിന്റെ ചരിത്രം 2 രാജാ 1–ാം അദ്ധ്യായത്തിൽ ദൈവാത്മാവ് വെളിപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധേയമാണ്. എക്കാലത്തുമുള്ള ജനങ്ങളോടുള്ള മുന്നറിയിപ്പാണ് അഹസ്യാവിന്റെ ചരിത്രം. ദൈവജനത്തെ ജീവനുള്ള ദൈവത്തിൽ നിന്ന് അകറ്റി 'ബാൽ' ദേവസേവയ്ക്ക് ഏല്പിച്ച രാജാവായിരുന്നു ആഹാബ്. ദൈവീക ആലോചനയെ മുഖവിലയ്ക്കെടുക്കാതെ നീചസ്ത്രീയായ തന്റെ ഭാര്യ ഈസേബെലിന്റെ വാക്കിന് ചെവികൊടുക്കുകയും ദൈവഹിതമല്ലാത്തതൊക്കെയും ചെയ്തുവരികയും ചെയ്തു. ദൈവം അവരെ ഇരുവരെയും ഭൂമിയിൽനിന്നും തുടച്ചുമാറ്റി. അവരുടെ മരണം ഏറ്റവും ഭയാനകമായിരുന്നു. ഈസേബെലിനാകട്ടെ നല്ലൊരു ശവസംസ്കാരം പോലും ലഭിച്ചില്ല.

ആഹാബിന് ശേഷം യിസ്രായേലിന് രാജാവായിത്തീർന്നത് അഹസ്യാവായിരുന്നു. (1 രാജാ 22:51). ആഹാബ് മരിച്ചു. സ്ഥിതികളൊക്കെ മാറി. മോവാബ്യർ യിസ്രായേലിനോട് വീണ്ടും മത്സരിച്ചു തുടങ്ങി. എന്നാൽ അഹസ്യാവ് രാജാവാകട്ടെ തന്റെ മാളികയുടെ കിളിവാതിലിൽക്കൂടി വീണ് ദീനം പിടിച്ചു കിടന്നിരുന്നു (2 രാജാ. 1:2). തന്റെ ഈ ദീനം മാറി തനിക്ക് സൗഖ്യം വരുമോ എന്നറിയുവാൻ അഹസ്യാവ് എക്രോനിലെ ദേവനായ ബാൽ സെബൂബിനോട് ചെന്ന് ആലോചന ചോദിപ്പാൻ ദൂതന്മാരെ (പരിചാരകരെ) എക്രോനിലേക്ക് അയച്ചു. ഫെലിസ്ത്യരുടെ പ്രധാന പട്ടണമായിരുന്നു എക്രോൻ. ഇവിടെ ബാലിന്റെ ഒരു പ്രധാന ക്ഷേത്രവും ഉണ്ടായിരുന്നു. ഓരോരുത്തൻ തങ്ങളുടെ ഭാവിയെപ്പറ്റി അറിയുവാൻ ഇവിടെ സന്ദർശിക്കുമായിരുന്നു. ബാലിനുവേണ്ടി പ്രവചിക്കുകയും ലക്ഷണം പറയുകയും ചെയ്യുന്ന വലിയൊരു ഗണം തന്നെ ഈ ക്ഷേത്രത്തിലുണ്ടായിരുന്നു. ഇപ്രകാരം ലക്ഷണം പറയുന്ന ബാലിന്റെ വെളിച്ചപ്പാടുകളുടെ അടുക്കലേക്കാണ് അഹസ്യാവ് പരിചാരകരെ അയച്ചത്. യിസ്രായേലിന്റെ സർവ്വശക്തനായ ദൈവത്തെ അറിയാഞ്ഞിട്ടല്ല അവൻ അന്യദൈവത്തെ തേടിപ്പോയത്. ബാൽ ദൈവമല്ലെന്നും അവന് യാതൊരു പ്രവൃത്തിയും ചെയ്യുവാൻ ശക്തിയില്ലെന്നും യഹോവയാണ് സാക്ഷാൽ ദൈവമെന്നും ദൈവത്തിന് അസാദ്ധ്യമായതൊന്നുമില്ലെന്നും ദൈവദാസനായ ഏലിയാവ് കർമ്മേൽ പർവ്വതത്തിൽ വെച്ച് തെളിയിച്ചതാണ്. ജീവനില്ലാത്തതും യാതൊന്നും പ്രവർത്തിക്കാൻ കഴിയാത്തതുമായ ഊമവിഗ്രഹങ്ങളുടെ അടുത്ത് ഭാവി അറിയുവാനും അനുഗ്രഹം നേടുവാനുമായി നേർച്ച കാഴ്ചകളുമായി പോകുന്ന അഹസ്യാവുമാർ നാമധേയ ക്രൈസ്തവരുടെ കൂട്ടത്തിൽ ഇന്ന് ധാരാളം ഉണ്ട്. "ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ" എന്ന് നിലവിളിച്ചുകൊണ്ട് ഇവർ കുമ്പിടുന്നു. നേർച്ചകാഴ്ചകൾ അർപ്പിക്കുന്നു. പിതാക്കന്മാരുടെ പാതകളെ പിൻതുടരുന്നവനായിരുന്നു അഹസ്യാവും. തന്റെ അപ്പൻ യഹോവയ്ക്ക് അനിഷ്ടമായതു ചെയ്ത് യഹോവയെ കോപിപ്പിച്ചു (1 രാജാ 22:53) അഹസ്യാവും അങ്ങനെതന്നെയായിരുന്നു. യഹോവയെ അന്വേഷിപ്പാൻ അവൻ മനസു വെച്ചില്ല.

അഹസ്യാവിന്റെ ഭൃത്യന്മാർ എക്രോനിലേക്ക് പോകുന്ന വഴിയിൽ ദൈവത്തിന്റെ പ്രവാചകനായ ഏലിയാവിനെ കാണുന്നു. ഏലിയാവ് അവരോട് "യിസ്രായേലിൽ ദൈവം ഇല്ലാഞ്ഞിട്ടോ നിങ്ങൾ എക്രോനിലെ ദേവനായ ബാൽ സെബൂബിനോട് ചോദിക്കുവാൻ പോകുന്നത്." ഇതു നിമിത്തം നീ കയറിയിരിക്കുന്ന കട്ടിലിൽ നിന്ന് ഇറങ്ങാതെ മരിക്കും എന്ന് യഹോവ അരുളിചെയ്യുന്നു എന്നു പറയുക" ( 2 രാജാ. 1:4) എന്ന് പറഞ്ഞ് അവരെ മടക്കി അയച്ചു. ജീവനുള്ള ദൈവത്തെ ത്യജിച്ചു കളയുന്നത് എത്രയോഭയങ്കരം. യിസ്രായേലിന് ഒരു ദൈവം ഉണ്ട്. ആ ദൈവത്തിന്റെ ശക്തി യിസ്രായേൽ ജനത്തിനും രാജാവിനും അന്യമല്ല. ശത്രുക്കളുടെ പക്കൽനിന്നും നിരവധി പ്രാവശ്യം അവരെ അത്ഭുതകരമായി വിടുവിച്ചു. ചെങ്കടൽ അവർക്കായി വിഭജിച്ചു. മരുഭൂമിയിലെ ശ്രേഷ്ഠമായ പരിപാലനം, യെരിഹോകോട്ട തകർത്തു, ജാതികളെ നീക്കി. മനോഹരമായ കനാൻനാട് അവർക്ക് അവകാശമായി നൽകി. മാത്രമോ എക്കാലത്തും തന്നോട് നിലവിളിക്കുന്ന ഏവരോടും കരുണ കാണിപ്പാൻ മനസ്സുള്ള ഏകസത്യ ദൈവം ഉള്ളപ്പോൾ അവനെ ഉപേക്ഷിച്ചാണ് അഹസ്യാവ് അന്യദേവനെ തേടിപ്പോയത്. നിലവിളിച്ചാലോ രക്തം ഒഴുക്കിയാലോ പ്രാർത്ഥന കേൾക്കാത്ത അന്യദേവന്മാരുടെ അടുക്കൽ എന്തിനു പോകണം. സകല പ്രശ്നങ്ങൾക്കും പരിഹാരകനായി ഉന്നതത്തിൽ നിന്ന് താണലോകത്തിലേക്ക് നിന്നെ തേടി വന്ന കർത്താവിൽ മാത്രം ആശ്രയിക്ക. ദൈവത്തെ



www.bahrainbrethren.com

അന്വേഷിച്ച് പോകേണ്ടതില്ല, ദൈവം നമ്മുടെ സമീപെയുണ്ട്. അവനെ വിളിച്ചപേക്ഷിക്കുകയത്രേ വേണ്ടത്.

മടങ്ങിവന്ന ഭൃത്യന്മാരുടെ വാക്കുകളെ കേട്ട രാജാവ് മനം തിരിയുകയോ ചെയ്തില്ല. മരണശയ്യയിൽ എങ്കിലും ജീവനുള്ള ദൈവത്തെ ഭയപ്പെടുവാനോ തന്റെ തെറ്റുകളെക്കുറിച്ച് ബോധം വരുത്തുവാനോ അവനു മനസായില്ല. "തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവന് ശുഭം വരികയില്ല. അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും" (സദൃ. 28:13). ഇന്നും പാപത്തെക്കുറിച്ച് യാതൊരു ബോധ്യവുമില്ലാതെ പാപത്തിൽ തന്നെ തുടരുന്നവർ എത്രയധികം. പാപത്തിന്റെ ഭയാനകതയേയും ശിക്ഷയേയും അങ്ങനെയുള്ളവർ നിസ്സാരമായി കരുതുന്നു. അങ്ങനെയുള്ളവർക്ക് തെറ്റുകളെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുവാൻ മനസ്സില്ലാതെ പോകുന്നു. അഹസ്യാവ് പ്രവാചകനെ പിടിക്കുവാൻ ആദ്യം 50 പേരെയും അവർക്ക് അതിപതിയേയും അയച്ചു. പ്രിയരേ ദൈവം തന്റെ ദാസന്മാരിലൂടെ പാപത്തെക്കുറിച്ച് നിന്നോട് വെളിപ്പെടുത്തുമ്പോൾ തെറ്റുകളെക്കുറിച്ച് അനുതപിച്ച് ഏറ്റുപറഞ്ഞ് കരുണ പ്രാപിപ്പാൻ ഇടയാകണം. ക്രുദ്ധിക്കുവാൻ പാടില്ല. അഹസ്യാവാകട്ടെ പ്രവാചകനെ പിടിക്കുവാൻ ആളയയ്ക്കുന്നു. സ്വർഗ്ഗത്തിൽ നിന്ന് തീ ഇറക്കുവാൻ ശക്തിയുള്ള ദൈവം തീ ഇറക്കി അവരെ സംഹരിച്ചുകളഞ്ഞു (2 രാജ 1:10-12). രാജാവ് രണ്ടാമതും 50പേരെയും അവർക്ക് അധിപതിയെയും അയച്ചു. ദൈവം അവരെയും ആദ്യത്തെ കൂട്ടത്തെപോലെ തന്നെ സംഹരിച്ചു. രാജാവു മൂന്നാമതും ഒരു കൂട്ടത്തെ അയച്ചു. രാജാവിനില്ലാത്ത വിനയവും ഭയവും ഈ 50 പേരുടെ അധിപതിക്ക് ഉണ്ടായിരുന്നു. അവനാകട്ടെ ദൈവസന്നിധിയിൽ താണു വിനയത്തോടെ അപേക്ഷിച്ചു (2 രാജ. 1:13). ദൈവം മനസലിഞ്ഞ് ഏലിയാവിനെ അവരോടൊപ്പം അയച്ചു.

അഹസ്യാവിന്റെ മുൻപാകെ ചെന്ന പ്രവാചകൻ സ്വർഗ്ഗീയ ആലോചനയെ ഭയംകൂടാതെ ഒന്നും മറച്ചുവെയ്ക്കാതെ രാജാവിനോട് അറിയിച്ചു. അരുളപ്പാട് ചോദിപ്പാൻ യിസ്രായേലിൽ ദൈവം ഇല്ലാഞ്ഞിട്ടോ എക്രോനിലെ ദേവനോട് ആലോചന ചോദിപ്പാൻ ദൂതന്മാരെ അയച്ചത്. ഇതു നിമിത്തം നീ കയറിയിരിക്കുന്ന കട്ടിലിൽനിന്നും ഇറങ്ങാതെ നിശ്ചയമായി മരിക്കും (2 രാജ 1:16). വീണ്ടും ദൈവം അവനെ തന്റെ തെറ്റുകളിൽ നിന്നു മനം തിരിയുവാൻ അവസരം നൽകുന്നു. മനുഷ്യനോടുള്ള ദൈവത്തിന്റെ കരുണ എത്ര വലിയത്. എന്നാൽ അഹസ്യാവ് ആ സമയവും ഉപയോഗിച്ചില്ല. താൻ മരിക്കുമെന്ന് പ്രവാചകൻ അറിയിച്ചിട്ടും അഹസ്യാവ് ജീവനുള്ള ദൈവത്തെ സ്നേഹിപ്പാനും സേവിപ്പാനും കൂട്ടാക്കിയില്ല. ഹിസ്ക്കിയാവിനോട് നീ മരിച്ചുപോകും എന്ന് ദൈവം യെശയ്യാവിലൂടെ അറിയിച്ചപ്പോൾ അവൻ തന്നെത്താൻ താഴ്ത്തി ദൈവത്തോട് പ്രാർത്ഥിച്ചു. ദൈവം ഹിസ്ക്കിയാവിന്റെ ആയുസ്സിനോട് 15 സംവത്സരംകൂടെ കൂട്ടി നൽകി (യെശ 38:1-6). തന്നോട് നിലവിളിക്കുന്ന ഏവനോടും കരുണ കാണിപ്പാൻ കഴിവുള്ളവനാണ് ദൈവം. എന്നാൽ അഹസ്യാവാകട്ടെ തന്റെ പ്രാണൻ രക്ഷിപ്പാൻ ലഭിച്ച നല്ല അവസരം പാഴാക്കി. ആയതിനാൽ ഏലിയാവ് പറഞ്ഞതുപോലെ തന്നെ അഹസ്യാവ് മരിച്ചു. "ദൈവത്തെ മറക്കുന്നവരെ ഇത് ഓർത്തുകൊൾവിൻ. അല്ലെങ്കിൽ ഞാൻ നിങ്ങളെ കീറിക്കളയും വിടുവിപ്പാൻ ആരും ഉണ്ടാകയില്ല" (സങ്കീ. 50:22) എന്ന തിരുവചനം മറന്നു പോകരുത്.

പ്രിയരേ, നിങ്ങളുടെ ജീവിതത്തെ ഒന്ന് പരിശോധിക്കുക. ജീവനുള്ള ദൈവത്തെ ത്യജിച്ച് ജീവിക്കുന്നവരെങ്കിൽ ഓർക്കുക. "ഇപ്പോഴാകുന്നു രക്ഷാദിവസം'' ഇതാകുന്നു രക്ഷക്കുള്ള സമയം. ദുർമാർഗ്ഗങ്ങളെ വിട്ട് ദൈവത്തിങ്കലേക്ക് മടങ്ങി വരിക. മരണത്തിന്റെ തണുത്ത കരം നിന്നെ തൊടുന്നതിനു മുൻപേ രക്ഷാനായകനായ യേശുവിനെ ഹൃദയത്തിൽ സ്വീകരിക്കുവാൻ ഈ നാൾ ഉപയോഗിക്കുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ. ●

---

## അഭ്യർത്ഥന

**ചാത്തൻതറ :** സ്ഥലം സഭയിൽ കൂടിവരുന്ന വിശ്വാസിയും മൂപ്പനുമായ സി.കെ. ബേബി ഒരു സ്വമേധ വേലക്കാരനും റാന്നിയിലെ ഹോസ്പിറ്റൽ മിനിസ്ട്രിയോടും സഭയോടും ബന്ധപ്പെട്ട് ശുശ്രൂഷകൾ ചെയ്തു വരുന്നു. തന്റെ പിതാവും മാതാവും സഹോദരിയും വർഷങ്ങളായി മാനസിക രോഗത്താൽ ഭാരപ്പെടുന്നു. ഇവരുടെ ചികിത്സാചെലവുകൾ വഹിക്കുന്നതിനു വേണ്ടി തന്റെ വീടും സ്ഥലവും പണയപ്പെടുത്തിയാണ് പണം കണ്ടെത്തിയത്. തനിക്ക് ഇപ്പോൾ സ്റ്റേറ്റ് ബാങ്ക്, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ എന്നിവിടങ്ങളിൽ നിന്നും ജപ്തിനോട്ടീസുകൾ വന്നുകൊണ്ടിരിക്കുന്നു. 2 ലക്ഷം രൂപയോളം തനിക്ക് കൊടുത്തു തീർക്കേണ്ടതുണ്ട്. കൂലിപ്പണിക്കാരനായ തനിക്ക് യാതൊരു വരുമാനവുമില്ല. ആയതിനാൽ സഭയായും വ്യക്തികളായും സഹോദരനെ പ്രാർത്ഥനയിൽ ഓർക്കുകയും സഹായിക്കുകയും ചെയ്യണമെന്ന് സഭയായി അപേക്ഷിച്ചുകൊള്ളുന്നു. എന്ന് സഭയ്ക്കുവേണ്ടി സുവി. ബിനോഷ് ജോൺ, ജോസഫ്. വിലാസം. സി. കെ. ബേബി, ചരുവിൽ ഹൗസ്, ചാത്തൻതറ പി. ഒ.-686510.



www.bahrainbrethren.com

# തിമൊഥെയൊസിനു എഴുതിയ ഒന്നാം ലേഖനം: ഒരു പഠനം - 14

ജേക്കബ് തോമസ്, മാവേലിക്കര

## XIV. സഭാജീവിതത്തിൽ അംഗങ്ങളോടുള്ള സമീപനം (1 തിമൊ. 5:1,2)

***മൂത്തവനെ ഭത്സിക്കാതെ അപ്പനെപ്പോലെയും, ഇളയവരെ സഹോദരന്മാരെപ്പോലെയും, മൂത്ത സ്ത്രീകളെ അമ്മമാരെപ്പോലെയും, ഇളയ സ്ത്രീകളെ പൂർണ്ണ നിർമ്മലതയോടെ സഹോദരിമാരെപ്പോലെയും പ്രബോധിപ്പിക്ക.* (1 തിമൊ. 5:1,2)**

ഈ വേദഭാഗത്ത് ദൈവസഭയെ ഒരു കുടുംബത്തോടാണ് ഉപമിക്കുന്നത്. ഒരു ദൈവദാസന് തന്റെ സഭയെ സ്വന്തകുടുംബമായി കാണുവാൻ കഴിഞ്ഞാൽ അത് തീർച്ചയായും അനുഗ്രഹത്തിന്റെ തുടക്കം തന്നെയായിരിക്കും. ഇന്നത്തെ ഏറ്റവും വലിയ പ്രശ്നം സഭയെക്കുറിച്ചുള്ള തെറ്റായ മനോഭാവമാണ്. അധികാരം സ്ഥാപിക്കാനും, കഴിവ് കാണിക്കാനുമുള്ള വേദിയാക്കി സഭയെ തരംതാഴ്ത്തുന്നതുകൊണ്ട് ഏതെല്ലാം വൈഷമ്യങ്ങളാണ് ഉടലെടുക്കുന്നത്. എന്നാൽ പൗലൊസ് പറയുന്നതുപോലെ സഭയെ സ്വന്തം കുടുംബമായി കാണാൻ കഴിഞ്ഞാൽ നമ്മുടെ പെരുമാറ്റത്തിലും മനോഭാവത്തിലും വലിയ വ്യത്യാസമുണ്ടാകുമെന്നതിന് സംശയമില്ല. കുടുംബത്തിൽ നാം ഒരിക്കലും പക്ഷാഭേദമോ ചേരിതിരിവൊ കാണിക്കുകയില്ലെങ്കിൽ എന്തിനാണ് ദൈവത്തിന്റെ സഭയിൽ ആ നിലയിലുള്ള ദുഷ്പ്രവണതകൾ പ്രകടിപ്പിക്കുന്നത്. അപ്പൻ, അമ്മ, സഹോദരൻ, സഹോദരി, ഈ നിലയിലുള്ള വ്യക്തിബന്ധങ്ങൾ കുടുംബാന്തരീക്ഷത്തെ തന്നെയാണ് അനുസ്മരിപ്പിക്കുന്നത്. സഭയിലെ വ്യക്തിബന്ധങ്ങൾ സുദൃഢമാക്കുവാനും അന്യോന്യമുള്ള ആശയവിനിമയം കുടുതൽ സുഗമവും സുതാര്യമാക്കുവാനും സഹായകമാണ് പൗലൊസ് നല്കുന്ന നിർദ്ദേശങ്ങൾ.

### 1. മൂത്തവരെ ആദരിക്കുക

മൂത്തവരെന്നതുകൊണ്ട് പൗലൊസ് ഉദ്ദേശിക്കുന്നത് സഭാമൂപ്പന്മാരെക്കുറിച്ചല്ല; കാരണം ഈ ഭാഗത്തെ വിഷയം വ്യക്തിബന്ധങ്ങളാണ്. എന്നാൽ സഭയിലെ, പ്രായത്തിൽ മുതിർന്നവരെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. ഒരു കാര്യം നാം ഓർക്കേണ്ടതുണ്ട് - മുതിർന്നവർക്കും കുറവുകളും, കുറ്റങ്ങളും വരാനിടയുണ്ട്, ഈ കാര്യം അംഗീകരിക്കാൻ നാം വിമുഖത കാണിക്കുന്നു. സഭയിലെ, പ്രായത്തിൽ മുതിർന്നവർ അപ്രമാദിത്തമുള്ളവരാണെങ്കിൽ പൗലൊസ് നല്കുന്ന പ്രബോധനം അർദ്ധശൂന്യമാകുകയാണ്. അവർക്കും തെറ്റ് വരുവാനിടയുണ്ടെന്നും അങ്ങനെ സംഭവിക്കുമ്പോൾ തിമൊഥെയൊസ് എങ്ങനെ പ്രതികരിക്കണമെന്നും പൗലൊസ് വ്യക്തമാക്കുന്നു. മുതിർന്നവരെ അപ്പനെപ്പോലെ കാണണം; കുടുംബാന്തരീക്ഷത്തിൽ ആരും അപ്പനെ ശാസിക്കാറില്ല, മറിച്ച് സ്നേഹബുദ്ധ്യാ ബോധ്യംവരുത്തുക മാത്രമാണ് ചെയ്യുന്നത്. ദൈവത്തിന്റെ സഭയിലും ഈ മാർഗ്ഗം തന്നെയാണ് നല്ലത്. വളരെ വർഷങ്ങളായി സഭയുടെ അഭ്യുന്നതിക്കായി ജീവിതം സമർപ്പിച്ചവരെ തീർച്ചയായും ആദരിക്കണം, അതെ സമയം തന്നെ കാലാനുസരണമായി വചനത്തിന്റെ സത്യങ്ങളുടെ ഘോഷണത്തിനായി, സഭയുടെ ഉന്നമനത്തിനായി ഉതകുന്ന മാറ്റങ്ങൾ ഉൾക്കൊള്ളുവാൻ മുതിർന്നവർ ശ്രദ്ധിക്കുന്നത് നല്ലതാണ്. നേതൃത്വസ്ഥാനത്ത് നിന്ന് സഭയെ ഭരിക്കുവാനോ, പരസ്യമായി സഭയിൽ ഉപദേശങ്ങൾ പഠിപ്പിക്കുവാനോ സ്ത്രീകൾക്ക് അധികാരമില്ലെങ്കിലും, സഭയുടെ സുഗമമായ നടത്തിപ്പിനും, വിശ്വാസികളുടെ നന്മക്കുമായി ജീവിതം സമർപ്പിച്ചിട്ടുള്ള സഹോദരിമാർ എന്നും സഭക്ക് ഒരു മുതൽക്കൂട്ട് തന്നെയാണ്. അവരുടെ സേവനങ്ങളെ വില കുറച്ച് കാണാൻ പാടില്ല. മുതിർന്ന സഹോദരിമാർ മറ്റ് വിശ്വാസികൾക്ക് അമ്മമാരുടെ സ്നേഹമാണ് നല്കേണ്ടത്. അവർക്ക് ലഭിച്ചിട്ടുള്ള അനുഭവസമ്പത്ത്, അറിവ്, വചനപരിജ്ഞാനം ഇവയെല്ലാം മറ്റ് സഹോദരിമാർക്ക് സഹായകമായിത്തീരും. സഭയിൽ രക്ഷകർത്താക്കൾക്ക് തുല്യമായ സ്ഥാനമലങ്കരിക്കുന്ന മുതിർന്നവരെ എങ്ങനെ ആദരിക്കണമെന്ന് പൗലൊസ് ഓർപ്പിക്കുന്നു. ഇന്ന് ഈ നിർദ്ദേശങ്ങൾ പ്രസക്തവും പ്രാധാന്യമർഹിക്കുന്നതുമാണ്.

### 2. ഇളവരെ സ്നേഹിക്കുക

ഇളയവരെ സഹോദരങ്ങളായി കാണുക. ഒരു സുവിശേഷകനെന്ന നിലയിൽ തനിക്ക് ലഭിച്ചിരിക്കുന്ന പദവി മറ്റുള്ളവരുടെ മേൽ അധികാരം ചെലുത്തുവാനും, മറ്റുള്ളവരെ താഴ്ത്തിക്കെട്ടുവാനും ഉപയോഗിക്കാൻ പാടില്ല എന്ന നിർദ്ദേശമാണ് പൗലൊസ് തിമൊഥെയൊസിന് നൽകിയിരിക്കുന്നത്. സഭയിൽ ഏതെങ്കിലുമൊരു ശുശ്രൂഷ ചെയ്യുന്ന വ്യക്തി മറ്റുള്ള സഹോദരങ്ങളുടെ വാക്കുകൾക്ക് വിലകൊടുക്കാതിരിക്കുക എന്നത് നാം സാധാരണയായി കാണാറുള്ള പ്രവണതയാണ്. ദൈവസഭയിൽ ശുശ്രൂഷകൾ ആത്മാവിന്റെ ഐക്യത്തിലും സ്നേഹത്തിലും വേരൂന്നിയാണ് ചെയ്യേണ്ടത്. ഒരു വ്യക്തി ദൈവവേലയിൽ ബലപ്പെടുമ്പോൾ മറ്റ് അനേകരെ ദൈവവേലയിൽ ശക്തിപ്പെടുത്തേണ്ട ചുമതലയുണ്ട്, എന്നാൽ ലോകമനുഷ്യരെപ്പോലും ലജ്ജിപ്പിക്കുന്ന തന്ത്രങ്ങൾ പ്രയാഗിച്ച് ഇളയവരെ തളർത്തുന്ന പ്രവർത്തനങ്ങൾ ഇന്ന് ഏറിവരുന്നു. മറ്റ് സംഘടനകളും,



www.bahrainbrethren.com

# ജീവിക്കുന്ന രാജ്യത്തിലെ മാതൃകാ പൗരൻ

**വി.എം. ജോൺ, ചേത്തയ്ക്കൽ**

നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്ക് വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധ വംശവും സ്വന്തജനവും ആകുന്നു (1 പത്രൊസ് 2:9). നമ്മെ സാത്താന്റെ അധികാരത്തിൽ നിന്നും വിടുവിച്ച് നാം ഇപ്പോൾ മുഴുവനുമായി കർത്താവിന്റെ അധികാരത്തിൽ കീഴിലാണ്. ഒരു വിശ്വാസി തന്റെ പുതിയ ജീവിതം കർത്താവിൽ വളരുവാൻ തുടങ്ങുമ്പോൾ ദൈവരാജ്യത്തിലുള്ള ജീവിതം സന്തോഷപ്രദമാക്കുവാനുള്ള ഏകമാർഗ്ഗം ക്രിസ്തുവുമായുള്ള ബന്ധത്തിൽക്കൂടി മാത്രമാണ്.

ദൈവവുമായുള്ള നമ്മുടെ പുതിയ ജീവിതത്തിന്റെ ആരംഭത്തിൽ തന്നെ ഈ ബന്ധം 2 വ്യക്തമായ രൂപത്തിൽ കാണാം. ഒന്നാമതായി; യേശുക്രിസ്തു നമ്മുടെ രക്ഷകൻ എന്ന ആദ്യബന്ധം ഉണ്ടാകാതെ ദൈവത്തെ പിതാവായോ സ്നേഹിതനായോ അറിയുവാൻ സാധിക്കുകയില്ല. രണ്ടാമതായി; യേശുക്രിസ്തു രക്ഷകനാണ് എന്നുള്ള അറിവ് നമ്മെ ദൈവരാജ്യത്തിൽ പ്രവേശിപ്പിക്കും. നാം ഒരിക്കൽ അവന്റെ രാജ്യത്തിനുള്ളിലായാൽ ആ ബന്ധം നമ്മിൽ പുതിയ വ്യത്യാസങ്ങൾ ഉളവാക്കുന്നു. അപ്പോൾ നമുക്ക് അവനെ രക്ഷകനായി മാത്രമല്ല കർത്താവായും അറിയുവാൻ സാധിക്കും. (നമ്മുടെ കർത്താവ്!). അവൻ തന്റെ രാജ്യത്തിലെ രാജാവാകുന്നു. "ആകയാൽ ദൈവാത്മാവിൽ സംസാരിക്കുന്നവൻ ആരും "യേശു ശപിക്കപ്പെട്ടവൻ" എന്നു പറയുകയില്ല; പരിശുദ്ധാത്മാവിൽ അല്ലാതെ "യേശു കർത്താവ്" എന്നു പറവാൻ ആർക്കും കഴികയില്ല എന്നു ഞാൻ നിങ്ങളെ ഗ്രഹിപ്പിക്കുന്നു" (1 കൊരി 12:3) എന്ന് പൗലൊസ് പറയുന്നു.

നാം പ്രകാശത്തിന്റെ രാജ്യത്തിൽ കടക്കുമ്പോൾ നമുക്കു നമ്മെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം ആസ്വദിക്കാൻ സാധിക്കും. അങ്ങനെ ക്രിസ്തു നമ്മുടെ ജീവിതത്തിന്റെ കർത്താവാകുമ്പോൾ നമ്മുടെ ജീവിതത്തിലെ അവന്റെ അധികാരം പാപത്തിന്റെയും അരാജകത്വത്തിന്റെയും വഴിയിൽ നിന്നും സമാധാനത്തിലേക്ക് കൊണ്ടുവരുന്നതായി കാണുവാൻ കഴിയും. "അവനിൽ അല്ലേ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി

---

സഭകളും വളരുമ്പോൾ നാം തളരുന്നതന്റെ പ്രധാനകാരണവും ഇത് തന്നെയാണ്. സ്നേഹവും സഹകരണവുമില്ലാതെ നാം എത്ര പ്രവർത്തിച്ചാലും യാതോരു പ്രയോജനവുമില്ല. ബർന്നബാസിന്റെ ജീവിതം നാം മാതൃകയാക്കേണ്ടതാണ്. ദൈവവേലയിൽ മറ്റുള്ളവരെ എങ്ങനെ പ്രോത്സാഹിപ്പിക്കാമെന്നതിന് ഉത്തമ ഉദാഹരണമാണ് തന്റെ ജീവിതം. യോസഫ് എന്ന തന്റെ സ്വന്തം പേര് പ്രബോധനപുത്രൻ എന്നു അപ്പൊസ്തലന്മാർ മാറ്റത്തക്ക വിധം മറ്റുള്ളവരെ കർത്തൃവേലയിൽ പ്രോത്സാഹിപ്പിക്കുന്നവനായിരുന്നു താൻ. സഹോദരന്മാർക്ക് ഇടർച്ചക്കല്ലും തടങ്കൽപാറയും ആകാതിരിക്കുവാൻ നാം സൂക്ഷിക്കുക. ഇളയവരെ അധികാരത്തിന്റെ ദണ്ഡ് ഉപയോഗിച്ച് അമർച്ച ചെയ്യുവാനല്ല, സഹോദരന്മാരായി കണ്ട് ദൈവവഴികളിൽ പ്രോത്സാഹിപ്പിക്കുവാനാണ് നാം ശ്രമിക്കേണ്ടത്.

**3. നിർമ്മലത കാത്തുസൂക്ഷിക്കുക**

ഒന്നാം നൂറ്റാണ്ടിൽ വളരെ മോശമായ ജീവതരീതികളുള്ള മതാചാരങ്ങളുണ്ടായിരുന്നു, എന്നാൽ ക്രിസ്തീയ വിശ്വാസത്തിന് അതിന്റേതായ നിഷ്ഠകളും, ജീവിതശൈലിയുമുണ്ടായിരുന്നു. ധാർമ്മികമായി അധപ്പതിച്ച ഗ്രീക്കു സംസ്ക്കാരത്തിലും തികച്ചും വ്യത്യസ്തമായ ജീവിതശൈലിയിലൂടെ ശ്രദ്ധയാകർഷിക്കയും പിന്നെ അത് നിമിത്തം ഒറ്റപ്പെടുകയും ചെയ്ത ചരിത്രമാണ് ക്രിസ്തീയ വിശ്വാസത്തിനുള്ളത്. തിമൊഥെയൊസിന്റെ സഭാജീവിതത്തിലും വളരെ ശ്രദ്ധിക്കേണ്ട കാര്യമാണ് പൗലൊസ് പറയുന്നത്. ഇളയ സ്ത്രീകളെ പൂർണ്ണ നിർമ്മലതയോടെ സഹോദരിമാരെപ്പോലെ കാണുക എന്ന ഉപദേശം പൗലൊസ് ഇവിടെ തിമൊഥെയൊസിനു നൽകുകയാണ്. അർത്തമീസ് ദേവിയുടെ ആരാധകരാൽ നിറയപ്പെട്ട എഫെസോസിൽ തിമൊഥെയൊസ് എങ്ങനെയാണ് ജീവിക്കേണ്ടത് എന്ന് വളരെ വ്യക്തമായി പൗലൊസ് ഇവിടെ ഓർപ്പിക്കുകയാണ്. ആധുനിക സംസ്കാരത്തിന്റെ അഴുക്കു ചാലുകളിലകപ്പെടാതെ ജീവതവിശുദ്ധിയോടെ കർത്താവിനെ സേവിക്കേണ്ടതിന്റെ ആവശ്യകത ഇവിടെ നമുക്ക് കാണാം. പാശ്ചാത്യ സംസ്കാരത്തിന്റെ അതിപ്രസരണം നമ്മുടെ ജീവിതമൂല്യങ്ങളെ തകിടം മറിക്കുമ്പോൾ വചനത്തിന്റെ മറവിലഭയം പ്രാപിക്കുന്ന ഒരു ദൈവപൈതലിന് വിജയകരമായ ഒരു ക്രിസ്തീയ ജീവിതം നയിക്കാൻ കഴിയും. നമ്മുടെ ഉപദേശത്തെ സാധൂകരിക്കുന്ന ജീവിതമാണ് ഇന്നത്തെ ആവശ്യം. വിശുദ്ധ ജീവിതത്തിന് പ്രാധാന്യം കൊടുക്കാതെ ജീവിതവും ശുശ്രൂഷയും താറുമാറായി അവരുടെ വിശ്വാസകപ്പൽ തകർന്ന് പോയവർ അനേകരാണ്. പൗലൊസ് തിമൊഥെയൊസിന് നല്കുന്ന നിർദ്ദേശം ഇന്നും വളരെ വിലപ്പെട്ടതാണ്. **(തുടരും)**



www.bahrainbrethren.com

വസിക്കുന്നത് എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു" എന്ന് കൊലൊ. 2:9 ൽ വായിക്കുന്നു.

"ക്രിസ്തുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ" (ഫിലി. 2:8). യേശു രാജ്യത്തിന്റെ രാജാവായിരുന്നിട്ടും ഒരു സേവകനായിത്തീർന്നു. തന്റെ രാജ്യത്തിലെ മാതൃകാ പൗരനാണ് യേശുക്രിസ്തു. "നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു. ഞാൻ അങ്ങനെ ആക കൊണ്ട് നിങ്ങൾ പറയുന്നത് ശരി. കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു... നിങ്ങൾക്ക് ദൃഷ്ടാന്തം തന്നിരിക്കുന്നു" (യോഹ 13:13-15). ക്രിസ്തുവിന്റെ രാജ്യത്തിന്റെ അംഗങ്ങളായി നാം അവനോട് ഒരു ദാസൻ യജമാനൻ ബന്ധത്തിലേക്ക് പ്രവേശിക്കുന്നു (മത്തായി 6:24). യേശുക്രിസ്തു പിതാവിന്റെ ഹിതം നിവർത്തിപ്പാൻ വന്നു (എബ്രാ. 10:6-9). അവന്റെ ദൈനംദിന ജീവിതത്തിൽ അവന്റെ രാജ്യത്തിലെ ജീവിത ശൈലി എങ്ങനെ എന്ന് അവൻ പ്രദർശിപ്പിച്ചു. അത് ദൈവത്തെ പ്രസാദിപ്പിക്കുന്ന ജീവിതമാണ് (എഫെ. 5:8-10). നമുക്കും അതേ സേവക ഹൃദയമാണ് വേണ്ടത്. എന്നാൽ ഇക്കാലയളവിൽ നമ്മിൽ കുറവ് ആ ഹൃദയമാണ്.

പല വിശ്വാസികൾക്കും ദാസൻ എന്ന സങ്കല്പം ഇഷ്ടമല്ല. എന്തുകൊണ്ടെന്നാൽ അത് ഒരാളെ മറ്റൊരാളെക്കാൾ താഴെയാക്കുന്നു. എന്നാൽ വേദപുസ്തകത്തിൽ 4 വിപരീതമായ സംഭവങ്ങൾ കാണുന്നു.

1. അടിമത്വത്തിൽ സ്വാതന്ത്ര്യമുണ്ട്:- എന്നാൽ ഇപ്പോൾ പാപത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിച്ചു ദൈവത്തിന് ദാസന്മാരായി ഇരിക്കയാൽ നിങ്ങൾക്കു ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്ത്യം നിത്യജീവനുമാകുന്നു. (റോമർ. 6:22).
2. ദാസനാകുന്നതിനുള്ള മഹത്വം:- "നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരനാകേണം. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും തന്നെത്താൻ താഴ്ത്തുന്നവനെല്ലാം ഉയർത്തപ്പെടും" (മത്തായി 23:11-12).
3. താഴ്മയിൽ ലഭിക്കുന്ന ഉന്നത നില:-"ആകയാൽ ഈ ശിശുക്കളെപ്പോലെ തന്നത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവനാകും"(മത്തായി 19:4).
4. യേശുവിന്റെ അധികാരത്തിന് സമർപ്പിച്ച അധികാരി:- റോമൻ സഹസ്രാധിപൻ യേശുവിന്റെ അരികിൽ വന്നപ്പോൾ ഈ തത്വം മനസ്സിലാക്കി. അതുകൊണ്ട് നിന്റെ അടുക്കൽ വരുവാൻ ഞാൻ യോഗ്യൻ എന്ന് എനിക്ക് തോന്നീട്ടില്ല. ഒരു വാക്കു കല്പിച്ചാൽ എന്റെ ബാല്യക്കാരന് സൗഖ്യം വരും. ഞാനും അധികാരത്തിന് കീഴ്പ്പെട്ട മനുഷ്യൻ എന്റെ കീഴിൽ പടയാളികൾ ഉണ്ട്. ഒരുവനോടു പോക എന്നു പറഞ്ഞാൽ പോകുന്നു. മറ്റൊരുവനോട് വരിക എന്നു പറഞ്ഞാൽ വരുന്നു. എന്റെ ദാസനോട് ഇതു ചെയ്ക എന്നു പറഞ്ഞാൽ അവൻ ചെയ്യുന്നു എന്നു പറയിച്ചു (ലൂക്കൊസ്. 7:7-8). സഹസ്രാധിപൻ അധികാരമുള്ളവനായിരുന്നതിനാൽ അവന് അധികാരം ഉപയോഗിക്കാമായിരുന്നു. അവൻ വേഗത്തിൽ യേശുവിന്റെ അധികാരത്തിന് സമർപ്പിച്ചു. ലൂക്കൊസ് 7:1-10 വരെയുള്ള വാക്യങ്ങളും യാക്കോബ് 4:7-10 വായിക്കുക. ദൈവരാജ്യത്തിന്റെ ജീവിതശൈലി ദൈവത്തോടുള്ള സമർപ്പണവും അനുസരണവുമാണ്. നാം നമ്മെത്തന്നെ ദൈവഹിതത്തിന് സമർപ്പിക്കണം. കാരണം:- നമുക്ക് ദൈവം തന്ന എല്ലാറ്റിനുമായി (റോമർ 12:1). നാം അങ്ങനെ ചെയ്യേണ്ടുന്നത് പൂർത്തീകരിക്കുന്നതിനാൽ (സങ്കീ. 40:8) മാത്രമല്ല അവൻ നമ്മോടു കാണിച്ച സ്നേഹത്താൽ (യോഹ. 14:15). മത്തായി 21:43 ൽ യേശുക്രിസ്തു പറഞ്ഞത് ദൈവരാജ്യം "ഫലം പുറപ്പെടുവിക്കുന്നവർക്ക് ഉള്ളതാണെന്നാണ്." ദൈവ രാജ്യത്തിന്റെ ഫലങ്ങളെ വേദപുസ്തകത്തിൽ പലയിടത്ത് വിശദീകരിച്ചിട്ടുണ്ട്. 1. സ്നേഹം, സന്തോഷം, സമാധാനം (ഗലാ. 5:22-23). 2. സകല സൽഗുണവും നീതിയും സത്യവും (എഫെ. 5:9, യാക്കോ. 3:13-17). 3. നീതി, സമാധാനം, സന്തോഷം (റോമർ. 14:17, എബ്രാ. 12:11) എന്നിവയാണ്.

ദൈവം നമ്മെ സൃഷ്ടിച്ചപ്പോൾ തന്നേ അവന്റെ രാജ്യത്തിനും അതിലെ ജീവിത ശൈലിക്കും ഒരുക്കിയാണ് (ഗലാത്യ 6:22). ദൈവരാജ്യത്തിലെ ഒരു പൗരൻ എന്നതിനാൽ നമ്മുടെ ചുമതല എന്താണെന്ന് 1 പത്രൊസ് 2:11 ൽ വിവരിക്കുന്നു. "നിങ്ങൾ പൂർണ്ണ പ്രസാദത്തിനായി കർത്താവിന് യോഗ്യമാകുംവണ്ണം നടന്നും ആത്മീകമായും സകല ജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനം കൊണ്ടു നിറഞ്ഞു വരേണം എന്നും സകല സൽപ്രവർത്തിയിലും ഫലം കായിച്ച് വളരേണം" (കൊലൊ. 1:10) എന്നും വായിക്കുന്നു. അങ്ങനെ യേശുവിന്റെ ഒരു നല്ല ശിഷ്യനായിരിപ്പാൻ തന്നത്താൻ സമർപ്പിച്ച് "ജീവിക്കുന്ന രാജ്യത്തിലെ നല്ല പൗരനായി" ജീവിപ്പാൻ വാഞ്ചിക്കാം. ●


www.bahrainbrethren.com

# പുനരുത്ഥാനത്തിന്റെ പ്രസക്തി (തുടർച്ച)

യോഹന്നാൻ എബ്രഹാം

### ക്രിസ്തുവിന്റെ പുനരുത്ഥാനം

പ്രപഞ്ചത്തിൽ നടന്നിട്ടുള്ള ഏറ്റവും മഹത്തായ സംഭവമാണ് യേശുക്രിസ്തുവിന്റെ പുനരുത്ഥാനം. ആയത് ക്രിസ്തുവിന് ഒരു അനിവാര്യതയായിരുന്നു. ക്രൂശിൽ മരിച്ച് അവസാനിക്കുന്ന ക്രിസ്തു ഒരിക്കലും മനുഷ്യരക്ഷകനാകയില്ലായിരുന്നു. ക്രിസ്തു ഉയിർത്തെഴുന്നേൽക്കാതെ ഇരുന്നു എങ്കിൽ യഹൂദന്മാരുടെയും ലോകത്തിന്റെയും പരിഹാസപാത്രമാകുമായിരുന്നു. യായിറോസിന്റെ മകൾ,നയീനിലെ വിധവയുടെ മകൻ, ലാസർ, എന്നിവരെ യേശു ഉയിർപ്പിച്ചു അവർക്ക് പുനർജീവിതം നൽകി അതു പുനരുത്ഥാനമല്ല എന്ന് നാം മുൻപ് ചിന്തിച്ചതാണ്. അവർ പിന്നെയും മരണത്തിന് വിധേയരായി. എന്നാൽ യേശുക്രിസ്തു പുനരുത്ഥാനം ചെയ്തശേഷം കല്ലറയ്ക്കൽ വന്ന ശിഷ്യൻമാരോട് ദൂതൻ പറഞ്ഞത് അവൻ (യേശു) ഇവിടെ ഇല്ല എന്നാണ്. അപ്പോൾ ഒരുചോദ്യം ഉയരുന്നതാണ്. എങ്കിൽ യേശുക്രിസ്തു ഇന്ന് എവിടെയാണ്? ഇന്ന് സ്വർഗ്ഗത്തിൽ പിതാവിന്റെ വലഭാഗത്ത് സിംഹാസനത്തിൽ വിശ്വാസികളുടെ രക്ഷിതാവായിട്ടല്ല പക്ഷവാദം ചെയ്യുന്ന മഹാപുരോഹിതനായിട്ടിരിക്കുന്നു. ആദ്യത്തെ രക്തസാക്ഷിയായി കല്ലേറിഞ്ഞ് കൊന്ന സ്തെഫാനൊസ് പറയുന്നത്. ഇതാ സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്ത് നിൽക്കുന്നതും ഞാൻ കാണുന്നു എന്നാണ്. ഇവിടെ യേശു നിൽക്കുന്നതായിട്ടാണ് കാണുന്നത് തന്റെ വിശ്വസ്ത സാക്ഷിയായ സ്തെഫാനൊസിനെ എതിരേറ്റു സ്വീകരിപ്പാൻ യേശു എഴുന്നേറ്റ് നിൽക്കുകയാണ്(പ്രവൃ.7:55-56). യേശുക്രിസ്തു മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയശേഷം ഉയരത്തിൽ മഹിമയുടെ വലതുഭാഗത്ത് ഇരിക്കുകയും ചെയ്തു. മുൻപിലുള്ള സന്തോഷം ഓർത്ത് അപമാനം അലക്ഷ്യമാക്കി ക്രൂശിനെസഹിച്ച ശേഷം ദൈവസിംഹാസനത്തിന്റെ വലതുഭാഗത്ത് ഇരിക്കയും ചെയ്തു (എബ്രാ. 1:3; 12:2). എന്നാൽ ക്രിസ്തുനിദ്രകൊണ്ടവരിൽ ആദ്യഫലമായി ഉയിർത്തെഴുന്നേറ്റു (1 കൊരി.15:20). തെളിവുകൾ ഒഴിഞ്ഞതും തുറക്കപ്പെട്ടിരിക്കുന്ന കല്ലറ. യേശുവിനെ ശവക്കല്ലറയിൽ അടക്കം ചെയ്തപ്പോൾ സ്ത്രീകളും ശിഷ്യൻമാരും അതിന് സാക്ഷികളായിരുന്നു. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ഞായറാഴ്ച മഗ്ദലനക്കാരി മറിയയും മറ്റു സ്ത്രീകളും കല്ലറയ്ക്കൽ ചെന്നത് യേശുക്രിസ്തുവിന്റെ മരിച്ച ശരീരത്തിന്മേൽ സുഗന്ധവർഗ്ഗം പൂശുവാനാണ്. കർത്താവ് പല പ്രാവശ്യം തന്റെ പുനരുത്ഥാനത്തെ കുറിച്ച് പറഞ്ഞിരുന്നു. എങ്കിലും അവർ അത് വിശ്വസിച്ചിരുന്നില്ല എന്ന് മനസ്സിലാക്കാവുന്നതാണ്. എന്നാൽ ഒരു ദൂതൻ ആ സ്ത്രീകളോട് പറഞ്ഞത് അവൻ (യേശു) ഇവിടെ ഇല്ല എന്നാണ്. പിന്നീട് ശിഷ്യൻമാർ കല്ലറയ്ക്കകത്തു കടന്നു ആയത് ബോദ്ധ്യം വരുത്തി. ലോകത്ത് ഇങ്ങനെ ഒഴിഞ്ഞ കല്ലറ ഒന്നു മത്രമേയുള്ളു മഹാനായ അലക്സാണ്ടർ, ഷെയിക്സ്പിയർ, ചക്രവർത്തിമാർ, വത്തിക്കാനിലെ പോപ്പുമാർ, മഹാത്മഗാന്ധിജി എന്നിങ്ങനെയുള്ളവരുടെയെല്ലാം ശവക്കല്ലറകൾ അടയ്ക്കപ്പെട്ട് ചരിത്രത്തിന്റെ ഏടുകളിൽ കാണാവുന്നതാണ്. അവരാരും പുനരുത്ഥാനം ചെയ്തില്ല. നിദ്രകൊണ്ടവരിൽ ആദ്യഫലമായി യേശുക്രിസ്തുവാണ് പുനരുത്ഥാനം ചെയ്തത്. കർത്താവിന്റെ ക്രൂശുമരണസമയത്ത്. ഭൂമികുലുങ്ങി, പാറകൾ പിളർന്നു കല്ലറകൾതുറന്നു. നിദ്രപ്രാപിച്ച വിശുദ്ധൻമാരുടെ ശരീരം പലതും ഉയിർത്തെഴുന്നേറ്റു യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിനുശേഷം കല്ലറകളെവിട്ടു.അവർ വിശുദ്ധനഗരത്തിൽ ചെന്ന് പലർക്കും പ്രത്യക്ഷരായി(മത്തായി 27:52-53). വിശുദ്ധന്മാർ പുനരുത്ഥാനം ചെയ്തു എങ്കിലും യേശുവിന്റെ പുനരുത്ഥാനത്തിനു ശേഷമാണ് അവർ കല്ലറകളെ വിട്ടത്. ആദ്യംപുനരുത്ഥാനം ചെയ്ത് പുറത്തുവന്നത് യേശുവാണ്. അതുകൊണ്ടാണ് പൗലൊസപ്പൊസ്തലൻ നിദ്രകൊണ്ടവരിൽ ആദ്യഫലമായി ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന് പ്രസ്താവിച്ചിരിക്കുന്നത്.

കല്ല് ഉരുട്ടിമാറ്റുന്നതിന് മുമ്പേ പുനരുത്ഥാനം ചെയ്ത ശരീരം കല്ലറവിട്ടുകഴിഞ്ഞിരുന്നു. കല്ലുരുട്ടിമാറ്റിയത് സ്ത്രീകൾക്കും, ശിഷ്യന്മാർക്കും യേശുവിന്റെ ശരീരം കല്ലറയിൽ ഇല്ലെന്ന് ബോദ്ധ്യം വരുത്തുവാനാണ്. കല്ലറ തുറന്നപ്പോൾ സ്ത്രീകളും കാവൽക്കാരും സാക്ഷികളായിരുന്നു. കല്ലറവാതിൽ വലിയകല്ല് ഉരുട്ടിവച്ച് കല്ലറ മുദ്രവെച്ചപ്പോൾ ശരീരം അതിലുണ്ടായിരുന്നു. എന്നാൽ മുദ്രപൊട്ടിച്ച് കല്ലു മാറ്റിയപ്പോൾ ശരീരം അതിനകത്ത് ഉണ്ടായിരുന്നില്ല. മർക്കൊസ്16:6; ലൂക്കോസ് 24:12 നോക്കുക. ശിഷ്യൻമാർ മറ്റൊരു കല്ലറയ്ക്കരികിൽ ചെന്നുവെന്നും വെള്ളവസ്ത്രം ധരിച്ച ഒരു യുവാവ് അവൻ(യേശു) ഇവിടെ ഇല്ല വേറൊരു കല്ലറയിലാണെന്ന് പറഞ്ഞുവെന്നും നിഷേധികൾ വാദിക്കുന്നു.ഇത് വെറും ഊഹം മാത്രമാണ്. ശരിയായ കല്ലറ മിത്രങ്ങളും ശത്രുക്കളും ഇത്രവേഗം മറന്നുപോവുക എന്നത് അസംഭവ്യമാണ്.ശിഷ്യൻമാരുടെ ആദ്യപ്രസംഗം തന്നെ ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ ഊന്നിയാണ്. എന്നാൽ അത് നിഷേധിക്കുവാൻ ശത്രുക്കളും അധികാരികളും കഠിനശ്രമം നടത്തുമായിരുന്നു എന്നത് കേവല സത്യം.

**ഒഴിഞ്ഞകല്ലറയ്ക്ക് 3 സാധ്യതകൾ**

1. യേശുവിന്റെ ശിഷ്യൻമാർ ശരീരം എടുത്തുകൊണ്ടുപോയി. (2).ശത്രുക്കൾ ശരീരം തട്ടിക്കൊണ്ടുപോയി. (3). യേശു ഉയിർത്തെഴുന്നേറ്റു. ഇതിൽ



www.bahrainbrethren.com

# വിലക്കപ്പെട്ട കനിയും ആദ്യമാതാപിതാക്കളും

പി.എ. എബ്രഹാം, മാലം

**രംഗം 1 – ഏദൻ പറുദീസ**

ആദാമും ഹവ്വായും കൈകോർത്തുപിടിച്ച് തോളോട് തോൾ ഉരുമ്മി ഏദൻതോട്ടത്തിൽ ക്കൂടി ഉലാവുന്നു. കളകളാ ശബ്ദമുയർത്തി പളുങ്കുനദി പോലെ 4 അരുവികൾ തോട്ടത്തിന്റെ 4 ഭാഗത്തേക്കും ഒഴുകുന്നു. അതിന്റെ തീരങ്ങളിൽ മാസംതോറും വിവിധ ഫലങ്ങൾ കായ്ക്കുന്ന മരങ്ങൾ പൂത്തുലഞ്ഞ് മധുരതരവും കാൺമാൻ ഭംഗിയുള്ളതുമായ ഫലങ്ങൾ നിറഞ്ഞു നിൽക്കുന്നു. മന്ദമാരുതൻ വൃക്ഷങ്ങളെ തലോടി മൃദുസ്വരം പുറപ്പെടുവിച്ച് കടന്നുപോകുന്നു. പറവജാതി മധുരഗാനമുതിർത്ത് അവയുടെ സൃഷ്ടാവിനെ പാടി സ്തുതിക്കുന്നു. സിംഹവും കുഞ്ഞാടും തോളുരുമ്മി കുശലാന്വേഷണം നടത്തി സമാധാനത്തോടെ മേഞ്ഞു നടക്കുന്നു. അല്ലലില്ല, ഹർത്താലില്ല, രോഗമില്ല, ഭീതിയില്ല, നിരാശയില്ല. ഏദനിലെ കാവൽക്കാരും നിവാസികളുമായ ആദംഹവ്വമാർ എത്ര ഭാഗ്യമുള്ളവർ.

**രംഗം 2 – ആദം:–** പ്രിയെ ഞാൻ തോട്ടത്തിന്റെ കിഴക്ക് ഭാഗംവരെ പോയി മടങ്ങി വരാം. നീ ഈ വൃക്ഷത്തിന്റെ തണലിൽ അല്പ സമയം വിശ്രമിക്ക്. ദൈവം പറഞ്ഞ തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ തണലിൽ മാത്രം വിശ്രമിക്കരുത്. യഹോവയായ ദൈവം സായംകാലത്ത് എഴുന്നെള്ളി വരുമ്പോൾ നാം ഇവിടെ കാണണം.

**ഹവ്വാ:–** ഡാഡീ (ആധുനീകകാലത്തെ സംബോധന)ഭായ്, ഭായ് വേഗം വരണം. ഞാൻ കാത്തിരിക്കും. ഹൊ:– സർവ്വസൗഭാഗ്യങ്ങളുടെയും വിളനിലമായിരുന്ന ഈ ഏദെൻ പറുദീസയിലേക്ക് ക്ഷണിക്കപ്പെടാതെ കടന്നു വരുന്ന അതിഥി ആരാണ്? അതെ മറ്റാരുമല്ല, കൗശലക്കാരനായ പഴയ സർപ്പം തന്നെ. ഇപ്പോഴത്തെ പാമ്പല്ലെന്നു മാത്രം. ബുദ്ധിയുണ്ട്, സംസാരശേഷിയുണ്ട്, കൗശലകോമളത്തമുണ്ട്. ഇവൻ കൗശലക്കാരനും ദൈവത്തിന്റെ

---

ആദ്യത്തേത് ചിന്തിക്കുവാൻ കഴിയുന്ന കാര്യമല്ല. യേശു തന്റെ പുനരുത്ഥാനത്തെക്കുറിച്ച് മുൻക്കൂട്ടി പലവട്ടം പറഞ്ഞിരുന്നുവെങ്കിലും ശിഷ്യൻമാർ ആയത് പൂർണ്ണമായി വിശ്വസിച്ചിരുന്നില്ല. യേശു മരിച്ചപ്പോൾ അവരുടെ ആശ നശിച്ചിരുന്നു. അവർ ഭയപരവശരായി മാളികമുറിയിൽ ഒളിച്ച് കഴിയുകയായിരുന്നു. മാത്രമല്ല കല്ലറയ്ക്ക് കാവൽ ഏർപ്പെടുത്തിയിരുന്നതിനാൽ ശിഷ്യന്മാർക്ക് ശരീരം മോഷ്ടിക്കുവാൻ കഴിയുമായിരുന്നില്ല. അപ്പൊസ്തല പ്രവൃത്തികളുടെ പ്രാരംഭത്തിൽ കാണുന്നതുപോലെ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന് സാക്ഷ്യം പറയുവാൻ അവർക്ക് കഴിയുമായിരുന്നില്ല. പലരേയും തടവിലാക്കുകയും യാക്കോബിനെ കൊല്ലുകയും ചെയ്തു. വ്യാജമായിരുന്നു എന്നറിയാമായിരുന്നു എങ്കിൽ ഈവിധ ശിക്ഷകൾ അവർ അനുഭവിക്കുമായിരുന്നില്ല. യൂദയെപ്പോലൊരുവന് പണം നൽകി പ്രലോഭിപ്പിച്ച് കള്ളസാക്ഷ്യം പറയിക്കാമായിരുന്നു. ശത്രുക്കൾ യേശുവിന്റെ ശരീരം മോഷ്ടിക്കുവാൻ ഒരുസാധ്യതയും ഇല്ല. കാവലും റോമൻമുദ്രയും അവർക്ക് പ്രതിബന്ധമായിരുന്നു. അഥവാ മോഷ്ടിച്ചിരുന്നുവെങ്കിൽ പുനരുത്ഥാനത്തെ നിഷേധിക്കുവാൻ ശരീരം വെളിപ്പെടുത്തുമായിരുന്നു. അപ്പൊസ്തലന്മാരുടെ ശക്തമായ പ്രസംഗത്തേക്കാൾ അർത്ഥവത്തായിരുന്നു യഹൂദന്മാരുടെ മൗനം.

**ഉയിർത്തെഴുന്നേറ്റ ക്രിസ്തു (പ്രവൃ. 1:2–3)**

പുനരുത്ഥാനം ചെയ്ത കർത്താവിന്റെ 12 പ്രത്യക്ഷതകൾ തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1. മറിയയ്ക്ക് (മർക്കൊസ് 16:9; യോഹ.20:11–18)
2. വഴിയിൽവച്ച് സ്ത്രീകൾക്ക് (മത്തായി 28:9)
3. എമ്മവുസിലേക്ക് പോയ 2 ശിഷ്യൻമാർക്ക് (മർക്കൊസ്16:12, ലൂക്കൊസ് 24:13–33)
4. ശിമോൻ പത്രോസിന്ന് (ലൂക്കൊസ് 24:34, 1 കൊരി. 15:5)
5. പത്തു ശിഷ്യന്മാർക്ക്(യോഹ. 20:19–24)
6. പതിനൊന്നു ശിഷ്യന്മാർക്ക് (യോഹ. 20:26–29)
7. തിബര്യാസ് കടൽക്കരയിൽ വെച്ച് ശിഷ്യന്മാർക്ക് (യെഹ. 21: 1–14).
8. ഗലീലയിൽ വെച്ച് ശിഷ്യന്മാർക്ക് (മത്തായി 28:16–20)
9. അഞ്ഞൂറിലധികം സഹോദരന്മാർക്ക് ഒരുമിച്ച് (1 കൊരി 15:6)
10. യാക്കോബിന്ന് (1 കൊരി. 15:7)
11. യേശു സ്വർഗ്ഗാരോഹണം ചെയ്ത ഒലിവു മലയിൽവച്ച് ശിഷ്യൻമാർക്ക് (മർക്കൊസ് 16:19 ; ലൂക്കൊസ് 24:50, പ്രവൃ. 1:9))
12. പൗലൊസ് അപ്പൊസ്തലന് (1 കൊരി 15:8)

4 സുവിശേഷങ്ങളിലും പ്രവൃത്തികളുടെ പുസ്തകത്തിലും 1 കൊരി. 15–ലുമാണ് ഈ പ്രത്യക്ഷതകൾ രേഖപ്പെടുത്തിയിരിക്കുന്നത്. മിക്കവാറും പ്രത്യക്ഷതകൾ വിശ്വാസികൾക്കാണ്. എന്നാൽ അവിശ്വാസികളായ യാക്കോബിനും (യേശുവിന്റെ സഹോദരൻ)പൗലൊസിനുമാണ് പ്രത്യക്ഷപ്പെട്ടത്. (തുടരും)



www.bahrainbrethren.com

ശത്രുവുമായ സാത്താൻ തന്നെ. തക്കം നോക്കി നിന്ന സർപ്പം അവസരം കിട്ടിയപ്പോൾ ഹവ്വായെ സമീപിക്കുന്നു.

**സർപ്പം:-** ഗുഡ്മോർണിംഗ് മാഡം! ക്ഷേമം തന്നെയെന്ന് കരുതുന്നു.

**ഹവ്വാ:-** ഗുഡ്മോർണിംഗ്. ഐ ആം വെരി വെൽ താങ്ക്യു.

**സർപ്പം:-** മാഡത്തോട് ഒരു സംശയം ചോദിക്കുകയാണ്. ഈ മനോഹരമായ തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും തിന്നരുതെന്ന് ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ?

**ഹവ്വാ:-** ശ്ശേ, അങ്ങനെയല്ല, തോട്ടത്തിലെ സകലവൃക്ഷങ്ങളുടെയും ഫലം ഞങ്ങൾക്കു തിന്നാം. എന്നാൽ തോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന നന്മതിന്മകളെക്കുറിച്ച് അറിവു നൽകുന്ന വൃക്ഷത്തിന്റെ ഫലം മാത്രം തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും എന്നു പറഞ്ഞിട്ടുണ്ട്.

**സർപ്പം:-** ശ്ശോ, നിങ്ങൾ വഞ്ചിക്കപ്പെട്ടു പോയല്ലോ. നിങ്ങൾ ആ വൃക്ഷത്തിന്റെ ഫലം തിന്നാൽ നിങ്ങൾ നന്മതിന്മകളെക്കുറിച്ച് അറിയുന്നവരായി ദൈവത്തെപ്പോലെ ആകും. നോക്കുക, ഈ വൃക്ഷഫലം എത്ര ഭംഗിയുള്ളതും മധുരതരവുമായതാണ്. ഇത് മാഡം ഒന്ന് രുചിച്ചു നോക്ക്. ഹവ്വാ പഴം പറിച്ചു. പഴം തിരിച്ചും മറിച്ചും നോക്കുന്നു. ഹാ എന്തു ഭംഗി, എത്ര നല്ല വാസന, ഹൊ, പാടില്ല. ദൈവം പറഞ്ഞത് തിന്നരുതെന്നാണല്ലൊ. തിന്നാൽ മരിക്കുമോ? എന്തുകൊണ്ട് ഇതുമാത്രം തിന്നരുതെന്ന് ദൈവം പറഞ്ഞു. എന്തോ രഹസ്യം ഇതിലുണ്ട്. ഏതായാലും ഒന്നു തിന്നു നോക്കാം. സാവകാശത്തിൽ പഴം വായിലിട്ടു തിന്നുന്നു.

**രംഗം 3:-** അയ്യോ കഷ്ടം, ഹവ്വയെ ചുറ്റിയിരുന്ന തേജസ്സ് നഷ്ടപ്പെട്ടു. പാമ്പ് (സാത്താൻ) ഓടി രംഗത്തു നിന്നു മറയുന്നു. ആദം കടന്നു വരുന്നു. ഹവ്വയെ കണ്ട് ആദാം സ്തംഭിച്ചു നിൽക്കുന്നു. ഡാഡീ എന്നു വിളിച്ചുകൊണ്ട് ഹവ്വാ ഓടിവന്ന് ആദാമിനെ കെട്ടിപ്പിടിക്കുന്നു. ഹവ്വാ ഏങ്ങലടിച്ച് കരയുന്നു.

**ആദം:-** തിന്നരുതെന്ന് ദൈവം പറഞ്ഞ പഴം നീ പറിച്ചു തിന്നോ?

**ഹവ്വാ:-** പാമ്പ് എന്നെ പ്രേരിപ്പിച്ചു. ഞാൻ തിന്നുപോയി നാം തമ്മിൽ വേർപിരിയരുതെന്നാണല്ലോ ദൈവം പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് അങ്ങും ഈ പഴം തിന്നണം. നമുക്ക് ഇനിയും ഒന്നിച്ച് തോട്ടത്തിൽ നിന്ന് ഇറങ്ങേണ്ടി വന്നാലും അതിനു മടിക്കരുത്. അയ്യോ കഷ്ടം നമ്മെ ചുറ്റിയിരുന്ന തേജസ്സ് പൊയ്പോയല്ലോ. നമ്മുടെ നഗ്നത മറയ്ക്കാൻ നാം എന്തു ചെയ്യും? രണ്ടുപേരും ഓടിച്ചെന്ന് അത്തിയില പെറുക്കി കൂട്ടിത്തുന്നി അരയാട ഉണ്ടാക്കി ധരിച്ചു.

**രംഗം 4:-** വെയിലാറിത്തുടങ്ങി. യഹോവയായ ദൈവം തോട്ടത്തിൽ വരുവാനുള്ള സമയമായി. വെയിലത്ത് അത്തിയില ഉണങ്ങിപ്പോയതുകൊണ്ട് നഗ്നരെന്നു കണ്ട് വല്ല്യപ്പനും വല്ല്യമ്മയും ഓടി ഒരു വൃക്ഷത്തിൻ മറവിൽ ഒളിച്ചു.

**ദൈവം:-** ആദമെ, ആദമെ നീ എവിടെ? അടിയൻ ഇതാ, ഞാൻ നഗ്നനാകയാൽ നിന്നെ കാണാതിരിപ്പാൻ ഞാൻ ഒളിച്ചിരുന്നു. നീ നഗ്നനെന്ന് ആരു പറഞ്ഞു. ഞാൻ തിന്നരുതെന്നു പറഞ്ഞ പഴം തിന്നുവോ? നീ എനിക്കു തുണയായിതന്ന സ്ത്രീ തന്നു. ഞാൻ തിന്നുപോയി. ഹവ്വയോടു ചോദിച്ചപ്പോൾ പാമ്പു പറ്റിച്ചു ഞാൻ തിന്നുപോയി. കൊള്ളാം കുറ്റം മുഴുവനും ദൈവത്തിന്. ഈ വല്ല്യപ്പന്റെയും വല്ല്യമ്മയുടെയും കൊച്ചുമക്കളാണ് നാം ഓരോരുത്തരും. ചെയ്ത കുറ്റം സമ്മതിക്കുകയില്ല. ലംഘനം മറച്ചു വയ്ക്കുന്നവന് ശുഭം വരികയില്ലെന്ന് ദൈവവചനം പറയുന്നു. ആദാം തന്റെ ലംഘനം മറച്ചു വെച്ചെന്ന് ഇയ്യോബ് സാക്ഷിക്കുന്നു. ദൈവം സാത്താനോട് ഒന്നും ചോദിച്ചില്ല. കാരണം അവൻ ഭോഷ്കു പറയുന്നവനും അതിന്റെ അപ്പനുമാണെന്ന് ദൈവത്തിന് അറിയാം. തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിച്ച മനുഷ്യനോട് ദൈവത്തിന് കരുണയും മനസ്സലിവും തോന്നി. ഒരു മൃഗത്തെ കൊന്ന് അതിന്റെ തോൽ ഉടുപ്പിച്ച് ആദം ഹവ്വാമാരുടെ നഗ്നത മറച്ചു. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലയെ ചതയ്ക്കുമെന്നുള്ള സ്വർഗ്ഗീയ വാഗ്ദത്തം ആദംഹവ്വാമാർക്ക് ദൈവം കൊടുത്തു. അന്ന് കൊടുത്ത വാഗ്ദത്തം കാൽവറി ക്രൂശിൽ നിറവേറ്റി. ആ യാഗമരണത്തിൽ വിശ്വസിക്കുന്നവർക്ക് രണ്ടാം മരണത്തിൽ നിന്നുള്ള വിടുതലും നിത്യരക്ഷയും സ്വർഗ്ഗീയ പറുദീസയും ലഭിക്കുന്നു. അങ്ങനെ ഒന്നാം ആദാമിനാൽ നഷ്ടപ്പെട്ട സകലതും ഒടുക്കത്തെ ആദാമിനാൽ ലഭിക്കുന്നു. സ്തോത്രം. ഹാലേലുയ്യ. ●


www.bahrainbrethren.com

# യഹോവയുടെ നാമം ബലമുള്ള ഗോപുരം

**രത്നാ ജേക്കബ്, പുതുപ്പള്ളി**

"യഹോവയുടെ നാമം ബലമുള്ള ഗോപുരം. നീതിമാൻ അതിലേക്കു ഓടിചെന്നു അഭയം പ്രാപിക്കുന്നു" (സദൃ. 18:10.) ഭയങ്കരന്മാരുടെ ചീറ്റൽ മതിലിന്റെ നേരെ കൊടുങ്കാറ്റുപോലെ അടിക്കുമ്പോൾ സർവ്വശക്തനായ ദൈവം എളിയവനു ഒരു ദുർഗ്ഗം ആയിരിക്കുന്നു. അവൻ ദരിദ്രനു അവന്റെ കഷ്ടതയിൽ ഒരു കോട്ടയാണ്. കൊടുങ്കാറ്റിൽ അവൻ നമുക്കു ശരണമാണ്. ഉഷ്ണത്തിൽ അവൻ നമുക്കു തണലാണ്. യഹോവ പീഡിതന് അവന്റെ കഷ്ടകാലത്തു ഒരു അഭയസ്ഥാനമാണ്. യഹോവ ഒരു ദോഷവും തട്ടാതവണ്ണം തന്റെ ജനത്തെ പരിപാലിക്കുന്നു. നമ്മെ തന്റെ സ്വന്തജനമാക്കിയ നമ്മുടെ പ്രാണപ്രിയൻ തന്നെ നമുക്കു ചുറ്റും തീമതിൽ ആയിരിക്കുന്നു. പക്ഷിചുറ്റിപ്പറന്നു കാക്കുന്നതുപോലെ അവൻ നമ്മെ കാത്തുരക്ഷിക്കുന്നു. അവന്റെ വിശുദ്ധ നാമത്തിൽ ആശ്രയിക്കുവാൻ എളിയവരായ നമുക്കും കൃപയാൽ ഭാഗ്യംലഭിച്ചു. അതുകൊണ്ട് നമ്മുടെ ഹൃദയം അവനിൽ സന്തോഷിക്കുവാൻ ഇടയായിതീർന്നു. മോശെ പ്രാർത്ഥിച്ചതുപോലെ കർത്താവേ നീ തലമുറതലമുറയായി ഞങ്ങളുടെ സങ്കേതം ആകുന്നു എന്നുപാടി. ഈ വലിയവനായ ദൈവത്തിൽ ആശ്രയിക്കുവാൻ നമുക്കും ഭാഗ്യം ലഭിച്ചു. സ്തോത്രം.

നമ്മുടെ സങ്കേതവും ബലവും കഷ്ടങ്ങളിൽ ഏറ്റവും അടുത്ത തുണയും ആയിരിക്കുന്ന കരുണാസമ്പന്നനായ ദൈവം നമ്മുടെ താഴ്ചയിൽ നമ്മെ ഓർത്തു. തന്റെ ഏകജാതനായ പുത്രൻ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളണം എന്നു വിചാരിച്ചില്ല. അവൻ ദാസരൂപം എടുത്തു ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായി തീർന്നു. അതുകൊണ്ടു ദൈവം അവനെ ഏറ്റവും ഉയർത്തി. സകലനാമത്തിനും മേലായനാമം നൽകി. ഇന്ന് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന നമുക്ക് പാപമോചനം,വീണ്ടെടുപ്പ്, നിത്യജീവൻ, പുത്രത്വം, എല്ലാം ലഭ്യമായിതീർന്നു. തന്നിൽ ആശ്രയിക്കുന്ന ഏവർക്കും അവൻ പരിച തന്നേ.

നമ്മുടെ രക്ഷിതാവിലുള്ള സന്തോഷമാണ് ഇന്നു നമ്മുടെ ബലം. നാം ബലഹീനരും അഭക്തരും ആയിരുന്നപ്പോൾ തന്നെ ക്രിസ്തു തക്കസമയത്ത് നമുക്കായി മരിച്ചു. നമ്മുടെ ബലഹീനത നിമിത്തം അവൻ ക്രൂശിക്കപ്പെട്ടു എന്നാൽ ദൈവശക്തിയാൽ അവൻ ഉയിർത്തെഴുന്നേറ്റു ഇന്നു നമുക്കായി ജീവിക്കുന്നു. അതേ,നമ്മുടെ ബലമായിരിക്കുന്ന കർത്താവിനെ നമുക്കുവേണ്ടി തകർത്തുകളയുവാൻ പിതാവിനു ഇഷ്ടംതോന്നി. അവൻ അവനു കഷ്ടം വരുത്തി. അവന്റെ പ്രാണൻ ഒരു അകൃത്യയാഗമായി തീർന്നു. പിതാവിന്റെ ഇഷ്ടം അവന്റെ കൈയ്യാൽ സാധിച്ചു. അങ്ങനെ കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനായി തീർന്ന നമ്മുടെ അരുമനാഥൻ ഇന്ന് നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയുന്ന ഒരുനല്ല മഹാപുരോഹിതനായി ഉയരത്തിൻ മഹിമയുടെ വലതുഭാഗത്തു ജീവിക്കുന്നു.

അബദ്ധവശാൽ കൊലചെയ്തുപോയ മനുഷ്യൻ രക്തപ്രതികാരകനിൽ നിന്നും രക്ഷപ്രാപിക്കുവാൻ സങ്കേതപട്ടണങ്ങളിൽ ഒന്നിൽ ഓടിചെന്ന് അഭയം പ്രാപിക്കണം. അവിടെയുള്ള മഹാപുരോഹിതന്റെ മരണംവരെ അവനു അവിടെ പാർക്കാം. എന്നാൽ നമ്മുടെ മഹാപുരോഹിതൻ ഒരിക്കലും മാറിപ്പോകാത്ത നിത്യപൗരോഹിത്യം അത്രേ പ്രാപിച്ചിരിക്കുന്നത്. പാപം ഒഴികെ സകലത്തിലും അവൻ നമുക്കു തുല്ല്യനായി പരീക്ഷിക്കപ്പെട്ടു. അതുകൊണ്ടു താൻ മുഖാന്തരമായി ദൈവത്തോടു അടുക്കുന്നവർക്കു വേണ്ടി പക്ഷവാതം ചെയ്യുവാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു. എബ്രാ.7:25. സഹോദരിമാരേ, ഈനല്ല മഹാപുരോഹിതന്റെ അടുക്കലേക്കു ശരണത്തിനായി നമുക്ക് ഓടിചെല്ലാം. നമ്മുടെ ജീവന്റെ ബലമായ കർത്താവിൽ നമ്മുക്ക് ആശ്രയിക്കാം, യഹോവ എന്റെ ഗോപുരം, ഞാൻ ഏറെ കുലുങ്ങുകയില്ല എന്നു നമുക്കും ധൈര്യത്തോടെ ഏറ്റുപറയാം. കരുണ ലഭിക്കുവാൻ, തക്കസമയത്ത് സഹായത്തിനുള്ള കൃപ പ്രാപിക്കുവാൻ നമുക്കു ധൈര്യത്തോടെ കൃപാസനത്തിന്റു അടുത്തേക്കുചെല്ലാം. നമ്മുടെ സങ്കേതവും ബലവുമായ കർത്താവു നമ്മുടെ ഏതവസ്തയിലും നമ്മെപിരിയാതെ നമ്മോടുകൂടെ ഇരിക്കുന്നവനാണ്. അവൻ നമ്മെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല. നമ്മെവിളിച്ച ദൈവം വിശ്വസ്തൻ. അവൻ അതു നിർവഹിക്കും. ●

---

**E.G.M. വാളകം :** 2008 സെപ്റ്റം 14 -21 വരെ തമിഴ്നാട്ടിൽ പി.പി. പ്രസന്നനോട് ചേർന്ന് നാഗമല പുതുക്കോട്ടയിലും എസ്. സാമുവേലിനോട് ചേർന്ന് കോസാകുലത്തിനടുത്തുള്ള ഗ്രാമങ്ങളിലും ബർനബാസിനോട് ചേർന്ന് ശിവഗംഗയിലും ചുറ്റുപാടുള്ള ഗ്രാമങ്ങളിലും സുവിശേഷം എത്തിക്കുവാൻ സാധിച്ചു. കൂടാതെ ശിവഗംഗയിലുള്ള ഒരു നഴ്സിംഗ് കോളജിലും 2 എഞ്ചിനീയറിംഗ് കോളജിലുമുള്ള വിദ്യാർത്ഥികളോടും സുവിശേഷം അറിയിച്ചു. ജോയി ജോൺ, റ്റി.പി. തോമസ്, വി.എം. പോൾ, എം.വി. വർക്കി, കെ.ജെ. ജോർജ്ജ്, കെ.ജെ. ഷാജു, കെ.പി. ജോർജ്ജ് എന്നിവരും പരിസരപ്രദേശങ്ങളിലുള്ള സുവിശേഷകന്മാരും സഹകരിച്ചു. E.G.M.ന്റെ പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കുകയും സഹകരിക്കുകയും ചെയ്യണമെ. എന്ന് സെക്രട്ടറി, കെ.ജെ. ജോർജ്ജ് കൊല്ലംകുടിയിൽ ഹൗസ്, കുന്നയ്ക്കൽ പി.ഒ., 682316, വാളകം.



www.bahrainbrethren.com

# ജോളി ജെയ്സൺ - ഒരു അനുസ്മരണം

**ആനി തോമസ് - തിരുവനന്തപുരം**



ഞങ്ങളുടെ പ്രിയ സഹോദരി ജോളി ജയ്സൻ 23-9-2008ൽ കർത്താവിൽ നിദ്ര പ്രാപിച്ചു. 27-9-2008ൽ അങ്കമാലി ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. പരേതനായ സുവി. വി.എം. മാത്യുവിന്റെയും (പാപ്പച്ചൻ ഉപദേശി കുമ്പനാട്) തങ്കമ്മ മാത്യുവിന്റെയും 8 മക്കളിൽ എട്ടാമതായി ജോളി ജനിച്ചു. ജോളി എന്ന പേരിന്റെ അർത്ഥം അവളുടെ ജീവിതത്തിന്റെ അവസാനം വരെയും അന്വർത്ഥമാക്കിക്കൊണ്ട് 38-ാം വയസ്സിൽ ഞങ്ങൾ 7 പേർക്കും മുമ്പായി സ്വർഗ്ഗത്തിലേക്കു പോയി.

2006 ജൂൺ 25-നാണ് ജോളി നാലാം സ്റ്റേജ് കാൻസർരോഗി ആണെന്ന് ആദ്യമായി കണ്ടുപിടിക്കപ്പെടുന്നത്. 26-നു തന്നെ ചികിത്സക്കായി വെല്ലൂരിൽ പോയി. പലപ്പോഴും അവിടെ പോയി അവളെ ശുശ്രൂഷിക്കാൻ എനിക്കും ഇടയായിട്ടുണ്ട്. അപ്പോഴുള്ള ചില അനുഭവങ്ങൾ ഇവിടെ വിവരിക്കട്ടെ. നീണ്ട ചികിത്സാവിധികൾ അവളുടെ ശരീരത്തെയും മനസ്സിനെയും തളർത്തുന്ന വിധത്തിലുള്ളതായിരുന്നു. കീമോതെറാപ്പിയുടെ അതികഠിനമായ പ്രയാസങ്ങളിലും അവൾ ദൈവവചനം വായിച്ച് ആശ്വസിച്ചിരുന്നു. ഈ കാലയളവിൽ ബൈബിൾ 3 പ്രാവശ്യം പൂർണ്ണമായി വായിച്ചു തീർത്തു. അനേക വാക്യങ്ങൾ അവളെ ധൈര്യപ്പെടുത്തുകയും ഭയം കൂടാതെ എല്ലാറ്റിനെയും പുഞ്ചിരിയോടെ നേരിടാനുള്ള കൃപ ലഭിക്കുകയും ചെയ്തു. അവളെ വളരെയധികം ധൈര്യപ്പെടുത്തിയ ചില വാക്യങ്ങൾ ആയിരുന്നു യെശ 43:1,2 ഭയപ്പെടേണ്ടാ.....,ആവ:1:17- നിങ്ങൾക്ക് അധികം പ്രയാസമുള്ള കാര്യങ്ങൾ എന്റെ അടുക്കൽ കൊണ്ടുവരുവീൻ...... അങ്ങനെ അവൾ തന്നെയും തന്റെ രോഗത്തെയും ദൈവകരങ്ങളിൽ ഏല്പിച്ചു. അതോടൊപ്പം ലോകത്തിന്റെ വിവിധ സ്ഥാനങ്ങളിലുള്ള ദൈവമക്കളുടെ പ്രാർത്ഥനയും ആശ്വാസമായി. കീമോയുടെ ചൂടിനാൽ മുടികൊഴിഞ്ഞ് നാവും ചുണ്ടും പൊട്ടിയിട്ടും അവൾ പാടി-

> രോഗമെന്നെ പിടിച്ചെൻ ദേഹം ക്ഷയിച്ചാലുമേ
> വേഗം വരുമെൻ നാഥൻ ദേഹം
> പുതുതാക്കീടാൻ.

അനേക പാട്ടിന്റെ വരികൾപാടി അവൾ ആശ്വസിച്ചിരുന്നു.

1. ദോഷമായിട്ടെന്നോടെന്നും എന്റെ താതൻ ചെയ്കയില്ല........
2. കാലങ്ങൾ കഴിയുമ്പോൾ നിത്യത പുലരുമ്പോൾ ദൈവം ചെയ്തതൊക്കെയും നന്മയ്ക്കെന്നു തെളിയുമ്പോൾ.......
3. സ്വർഗ്ഗനാട്ടിലെൻ പ്രിയൻ തീർത്തിടും...........

ഇവ അവയിൽ ചിലതുമാത്രം. എങ്ങനെ അവളെ ആശ്വസിപ്പിക്കണം എന്നു വിചാരിച്ചു കാണാൻ വരുന്നവർ ആ പുഞ്ചിരിക്കുന്ന മുഖം കാണുമ്പോഴേക്കും ആശ്വാസം കണ്ടെത്തും. ഡോക്ടർ 'Smiling Girl' എന്നാണ് അവളെ വിളിച്ചിരുന്നത്. ഈ രോഗത്തെ പുഞ്ചിരിയോടെ എങ്ങനെ നേരിടുന്നു എന്നുള്ളത് ഒരു സാക്ഷ്യമായി പ്രസിദ്ധീകരിച്ചാൽ അനേക കാൻസർ രോഗികൾക്ക് ആശ്വാസമാകും എന്ന് പലരും ആവശ്യപ്പെട്ട പ്രകാരം 'പ്രാർത്ഥനാതെറാപ്പിയിലൂടെ ജീവിക്കുന്ന ജോളി' എന്ന ട്രാക്റ്റ് പ്രസിദ്ധീകരിച്ച് അവൾ തന്നെ അത് അനേക രോഗികൾക്ക് കൊടുക്കുകയും അവർ വായിക്കുന്നതുകണ്ട് സന്തോഷിക്കുകയും ചെയ്തു. ഒരാളെയെങ്കിലും രക്ഷയിലേക്ക് നയിക്കുക എന്നതു മാത്രമായിരുന്നു അവളുടെ ലക്ഷ്യം. ട്രാക്റ്റിലുള്ള ചിലത് ഇതാ അവളുടെ തന്നെ വാക്കുകളിൽ-

"ദൈവത്തിലുള്ള അടിയുറച്ച വിശ്വാസമാണ് എനിക്ക് ധൈര്യവും പ്രത്യാശയും നല്കിത്തരുന്നത്. ഈ രോഗമാണ് എന്നറിഞ്ഞ നാൾ മുതൽ തളർന്നു പോകാതെ ദൈവം ബലം തന്നുകൊണ്ടിരിക്കുന്നു. അനേകരുടെ പ്രാർത്ഥനയുടെ ഫലമായി എല്ലാറ്റിനെയും ധൈര്യത്തോടെ നേരിടുവാൻ ദൈവം സഹായിക്കുന്നു. നമ്മുടെ മരുപ്രയാണയാത്രയിൽ സ്വർഗ്ഗീയ കനാനിൽ എത്തുവോളം നാം പലവിധത്തിലുള്ള മാറായുടെ അനുഭവത്തിൽക്കൂടെ കടന്നു പോകേണ്ടിവരും. അവിടെയൊക്കെയും ഉറപ്പും ധൈര്യവും ഉള്ളവനായിരിക്ക എന്ന് അരുളിച്ചെയ്യുന്ന ഒരു രക്ഷകൻ നമുക്കുണ്ട്. അല്പകാലം മാത്രമുള്ള ഈ മനുഷ്യായുസ്സിൽ നമ്മുടെ പാപങ്ങൾക്കു വേണ്ടി കാൽവരി ക്രൂശിൽ യാഗമായിതീർന്ന ഈ രക്ഷകനെ സ്വന്ത രക്ഷിതാവും കർത്താവുമായി സ്വീകരിക്കാത്ത ആരെങ്കിലും ഇത് വായിക്കുന്നുവെങ്കിൽ ഈ രക്ഷകനിലൂടെ നിത്യജീവങ്കലേക്ക് കടക്കുവാൻ ഈ കിടക്കയിൽ കിടന്ന് സ്നേഹത്തോടെ ഞാൻ ആഹ്വാനം ചെയ്യുന്നു."

പ്രിയ ജയ്സൻ അവരുടെ വിവാഹനാളിൽ ചെയ്ത ഉടമ്പടി പ്രകാരം ഒരു ഉത്തമ ഭർത്താവായി ജോളിയുടെ സുഖത്തിലും ദുഃഖത്തിലും ആരോഗ്യത്തിലും രോഗത്തിലും അവളെ സ്നേഹിച്ചും ശുശ്രൂഷിച്ചും 16 വർഷം കുടുംബജീവിതം നയിച്ചു. 2 വർഷത്തിലധികം തന്റെ എല്ലാ ബിസിനസ്സും വിട്ട് വെല്ലൂരും അങ്കമാലിയിലുമായി അവളെ ശുശ്രൂഷിച്ചും ആശ്വസിപ്പിച്ചും തനിക്ക് ചെയ്യാവുന്നതൊക്കെ അവൾക്കു വേണ്ടി ചെയ്തു. ദുഃഖത്തിലായിരിക്കുന്ന ജയ്സനെയും കുടുംബാംഗങ്ങളെയും തുടർന്ന് പ്രാർത്ഥനയിൽ ഓർക്കണമേ. ആ ബയൂല തീരത്ത് ജോളിമോളെ വീണ്ടും കാണാം എന്ന പ്രത്യാശയോടെ ഞങ്ങൾ കാത്തിരിക്കുന്നു. ജോളിക്കു വേണ്ടി പ്രാർത്ഥിച്ച എല്ലാവർക്കും നന്ദി പറയുന്നു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ. ●



www.bahrainbrethren.com

# ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം.103-ചോദ്യം

**വിഷയം** : **ദൈവമക്കളുടെ സന്തോഷം**

**വായനഭാഗം** : സങ്കീ. 16 (രണ്ടു ചോദ്യം), സങ്കീ. 35,122, യെശ. 51, പ്രവൃ. 5, 2 കൊരി. 6, ഫിലി 4, 1 പത്രൊ. 4

1. നമുക്ക് എവിടേക്ക് പോകാമെന്ന് ഭക്തനായ ദാവീദിനോടു പറഞ്ഞപ്പോഴാണ് അവൻ സന്തോഷിച്ചത് ?
2. ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വെച്ചിരിക്കുന്നതുകൊണ്ടുള്ള മൂന്ന് അനുഗ്രഹങ്ങൾ ഏവ? (തുടർച്ചയായ രണ്ടു വാക്യങ്ങൾ)
3. അപ്പോസ്തലന്മാരെ അടിപ്പിച്ച്, തടവിൽ നിന്നു വിട്ടപ്പോൾ അവർ സന്തോഷിച്ചതിന്റെ കാരണം എന്ത്?
4. (a) ഒന്നിലും ഇടർച്ചയ്ക്ക് ഹേതുവാകാതെ കർത്തൃദാസന്മാർ സഹിച്ച "കഷ്ടങ്ങൾ" ഏവ? (തുടർച്ചയായ 8 വാക്യങ്ങൾ)

(b) അവർ ദുഃഖിതരെങ്കിലും എപ്പോഴെല്ലാം സന്തോഷിച്ചു?

5. ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവർ ആകുന്തോറും സന്തോഷിച്ചാലുള്ള ഫലം എന്ത്?
6. എന്റെ ഉള്ളം ആരിൽ ആനന്ദിക്കും, എന്തിൽ സന്തോഷിക്കും എന്ന് ഭക്തനായ ദാവീദു പാടി?
7. കർത്താവിൽ എപ്പോഴെല്ലാം സന്തോഷിക്കാം എന്നാണ് പൗലൊസ് പിന്നെയും പറയുന്നത്?
8. യഹോവയുടെ വിമുക്തന്മാർ സീയോനിലേക്കു മടങ്ങിവരുന്നത് എങ്ങനെ? അവരുടെ ഭാവി അനുഭവം എന്തായിരിക്കും?
9. സന്തോഷ പരിപൂർണ്ണതയും എന്നും പ്രമോദങ്ങളും ഉള്ളത് എവിടെ?

ഏവർക്കും ഉത്തരം എഴുതാം. ബൈബിൾ സ്കൂൾ/ കോളജ് അദ്ധ്യാപകർ, പൂർണ്ണസമയ സുവിശേഷകന്മാർ, വേദശാസ്ത്ര ബിരുദ ധാരികൾ എന്നിവരുടെ മാർക്ക് പ്രസിദ്ധപ്പെടുത്തുന്നതല്ല. പേരും പൂർണ്ണവിലാസവും എഴുതി അടിയിൽ ഒപ്പിട്ടേ മതിയാകൂ. വാക്യനമ്പർ മാത്രമല്ല, ആശയവും കൂടെ എഴുതണം. 22-1-2009 വരെ ലഭിക്കുന്ന ഉത്തരം സമ്മാനത്തിനു പരിഗണിക്കാം.

ഈ ശുശ്രൂഷ അനുഗ്രഹകരമായി തുടരുവാൻ മതിയായ കൃപ ലഭിക്കേണ്ടതിന് നിരന്തരം പ്രാർത്ഥിക്കണമേ.

**വിലാസം : ബൈബിൾ പ്രശ്നാവലി, C/o ആത്മപ്രകാശിനി, കുമ്പനാട് പി.ഒ. - 689547.**

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**ബാംഗ്ലൂർ സൗത്ത്** : 12-10-08 ൽ വ്യത്യസ്ത പശ്ചാത്തലത്തിൽ നിന്ന് രക്ഷിക്കപ്പെട്ട 2 പേർ സ്നാനപ്പെട്ട് സ്ഥലം സഭയോടു ചേർന്നു. 11 കി.മീ. ദൂരത്തിൽ 'അറീക്കരെ' എന്ന സ്ഥലത്ത് ഒരു ചെറിയ പ്രവർത്തനം നടക്കുന്നു. ഈ പ്രവർത്തനങ്ങൾ മുഖാന്തിരം ആത്മാക്കൾ രക്ഷിക്കപ്പെടുവാനും സ്നാനപ്പെട്ടവർ ആത്മീയമായി വളരുവാനും പ്രാർത്ഥന ആവശ്യമാണ്. ബാംഗ്ലൂർ സൗത്തിൽ നഴ്സിംഗ് വിദ്യാഭ്യാസത്തിന് കേരളത്തിൽ നിന്ന് കടന്നുവന്നിരിക്കുന്ന യുവജനങ്ങൾ ഈ സഭയിൽ ആരാധനയ്ക്കായി വരുവാൻ താല്പര്യപ്പെടുന്നു. സഭയ്ക്കുവേണ്ടി സി.എഫ്. ഡേവിഡ് കണ്ടത്ത്. ഫോൺ : 09241103530.

**രത്നഗിരി** : കഴിഞ്ഞ 6 വർഷമായി വിൽസൺ കെ. ജോർജ്ജ് കുടുംബമായി ഇവിടെ താമസിച്ച് പ്രവർത്തിക്കുന്നു. 5 വർഷത്തിലധികമായി സഭാകൂടിവരവ് ആരംഭിച്ചിട്ട്. 18-09-08 ന് 2പേർകൂടി സ്നാനപ്പെട്ട് സഭയോട് ചേർന്നു. വളരെ ഭീഷണികളും എതിർപ്പുകളും ഉണ്ടെങ്കിലും പ്രവർത്തനങ്ങൾ അനുഗ്രഹകരമായി തുടരുന്നു. കെ.ജി.ഒ.എം.ന്റെ പ്രവർത്തനങ്ങളും തുടരുന്നു. ഇവിടെയുള്ള സഭയേയും പ്രവർത്തനങ്ങളേയും ഓർത്ത് പ്രാർത്ഥിക്കണമേ. എന്ന് സഭയ്ക്കുവേണ്ടി വിൽസൺ കെ. ജോർജ്ജ്, ജോസഫ് റ്റിൻടിൽ. വിലാസം Wilson K.G., C.14, Lanjekar Nager, M.I.D.C. P.O., Ratnagiri, Maharashtra - 415639.

**ഇടുക്കി** : 2008 സെപ്റ്റം. 18,19 ന് വാഴവര, ഇരട്ടയാർ, തങ്കമണി, ഇടുക്കി ബ്രദറൺ സഭകളുടെ സഹകരണത്തിൽ 22 ഗ്രാമങ്ങളിൽ സുവിശേഷ പ്രസംഗങ്ങളും ലഘുലേഖ വിതരണങ്ങളും നടത്തുവാൻ സാധിച്ചു. റോയി പൗലോസ്, ആന്റണി ഫിലിപ്പ്, രാജൻ മാത്യു, ബിജു ദേവസ്യ, ജോബിൻ തോമസ്, പി.ഡി. വർഗ്ഗീസ്, മാത്തുക്കുട്ടി തോമസ്, അനിൽകുമാർ, പി.കെ. മുനീർ തുടങ്ങിയവർ വിവിധ സ്ഥലങ്ങളിൽ വചനം ശുശ്രൂഷി



www.bahrainbrethren.com

ച്ചു. ജെയിംസ് ജോൺ ഗാനങ്ങൾ ആലപിച്ചു. തിരുവചന സത്യങ്ങൾ മനസ്സിലാക്കിയവർ വേർപെടുന്നതിനു വേണ്ടി ദൈവജനം പ്രാർത്ഥിക്കണമേ. എന്ന് രാജൻ മാത്യു, ബിജു ദേവസ്യ. വിലാസം Biju Devasia, Ambazhamackal (H), Vazhavara P.O., Kattappana, Idukki Dist. - 685515

**അമ്മന്നൂർക്കോണം** : സുവി. ഇ. മണിയൻ 22-6-08 മുതൽ കുടുംബമായി ഇവിടെ താമസിച്ച് ശുശ്രൂഷകളിൽ തുടർന്നു വരുന്നു. സഹോദരനായും സഭയുടെ ആത്മീക പുരോഗതിക്കായും പ്രാർത്ഥിച്ചാലും. എന്ന് കെ. പ്രഭാകരൻ, ഡി. റോബിൻസൺ. വിലാസം E. Maniyan, Bethany, Ammanoorkonam, Naruvammoodu P.O., Thiruvananthapuram - 695020.

**റാന്നി** : 1-1-08 ന് റാന്നിയിൽ നിന്നും ആരംഭിച്ച ഒന്നാംഘട്ട ബൈക്ക് യാത്ര കാസർഗോഡ്, വയനാട് ജില്ലകളിൽ പ്രവർത്തനം കഴിഞ്ഞ് മെയ് ഒടുവിൽ മടങ്ങിയെത്തി. കാസർഗോഡ് ജില്ലയിൽ 62 ദിവസത്തെ പ്രവർത്തനങ്ങൾക്ക് ശേഷം വയനാട് ജില്ലയിലെ പ്രവർത്തനങ്ങൾ നടവയലിൽ നിന്നും ആരംഭിച്ചു. ഏകദേശം 2 മാസത്തെ പ്രവർത്തനങ്ങൾക്ക് ശേഷം പാക്കം സഭയിൽ നിന്നും സഹോദരന്മാർ പ്രാർത്ഥിച്ച് ഞങ്ങളെ യാത്ര അയച്ചു. വയനാട്, കാസർഗോഡ് ജില്ലകളിൽ നടന്ന പ്രവർത്തനങ്ങളിലൂടെ നൂറുകണക്കിന് സുവിശേഷപ്രതികൾ വിതരണം ചെയ്തു. 418 പരസ്യയോഗങ്ങൾ നടത്തി. ആയിരക്കണക്കിന് ആളുകൾ സുവിശേഷം കേട്ടു. സത്യാന്വേഷികളായി പലരും മുൻപോട്ടു വന്നു. അവരിൽ ചിലർ കർത്താവിനെ രക്ഷകനായി ഏറ്റുപറഞ്ഞു തീരുമാനങ്ങൾ എടുത്തു. രണ്ടാംഘട്ട സുവിശേഷ യാത്ര 2009 ജനു. 1-ന് റാന്നിയിൽ നിന്നും പാലക്കാട് ജില്ലയിലേക്ക് ബൈക്കിൽ പുറപ്പെടും. അവിടുത്തെ പ്രവർത്തനങ്ങൾക്ക് ശേഷം കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നു. ഈ പ്രവർത്തനത്തെ ദൈവജനം പ്രാർത്ഥനയിൽ ഓർക്കുക. സുവി. പി.പി. ജേക്കബ്, പേരകത്തുശ്ശേരിൽ, വലിയകാവ്-689 675, റാന്നി, ഫോൺ: 9961215128.

**നാമക്കൽ** : 9 വർഷമായി ഇവിടെ സഭാകൂടിവരവ് ഉണ്ട്. ഇവിടെയുള്ള പല എഞ്ചിനീയറിംഗ് കോളേജുകളിലായി 2000ത്തിലധികം മലയാളി കുട്ടികൾ പഠിക്കുന്നു. അവരുടെ മദ്ധ്യത്തിൽ സുവിശേഷപ്രവർത്തനം നടന്നു വരുന്നു. 10 മലയാളി വിദ്യാർത്ഥികൾ ആരാധനയ്ക്ക് കടന്നുവരുന്നു. മലയാള ഭാഷയിലുള്ള ആരാധന 19-10-08 മുതൽ ആരംഭിച്ചു. വാടകയ്ക്കുള്ള പരിമിതമായ സൗകര്യത്തിലാണ് ഇപ്പോൾ സഭാകൂടിവരവ് നടക്കുന്നത്. സ്വന്തമായി ഒരു സ്ഥലം ഉണ്ടാകുവാൻ ദൈവജനം പ്രാർത്ഥിച്ചാലും. ഇവിടെ കോളേജുകളിൽ പഠിക്കുന്ന മലയാളി വിദ്യാർത്ഥികളുടെ രക്ഷകർത്താക്കൾ കുട്ടികളെ ഇവിടെയുള്ള ആരാധനാ കൂടിവരവിലേക്ക് പറഞ്ഞുവിടുവാൻ അഭ്യർത്ഥിക്കുന്നു. ഫോൺ. 9965259686. സഭയ്ക്കു വേണ്ടി റ്റി. രമേശ്, ആർ. രഘുനന്ദൻ. വിലാസം - T. Ramesh (Evg.), Christian Brethren Assembly, Paramathi Road, Near Royal Bakery, Namakkal - 637001, Tamilnadu.

**മണ്ണന്തല** : തിരുവനന്തപുരത്തെ പ്രാദേശിക ബ്രദറൺ സഭകളിൽ അന്യമായിരുന്ന ഒരു ഐക്യകൂടിവരവ് 08-11-2008 ശനിയാഴ്ച മണ്ണന്തലയിലുള്ള യൂഹാനോൻ മാർത്തോമാ സ്റ്റഡിസെന്ററിൽ വച്ച് മണ്ണന്തല ബ്രദറൺ അസംബ്ലിയുടെ ആഭിമുഖ്യത്തിൽ നടത്തുവാൻ ദൈവം കൃപചെയ്തു. സ്റ്റഡിസെന്ററിന്റെ വിസ്തൃതമായ ഹാൾ നിറഞ്ഞു കവിയത്തക്കവണ്ണം വിവിധ സ്ഥലം സഭകളിൽ നിന്നും സഹോദരിമാരും കുഞ്ഞുങ്ങളും ഉൾപ്പെടെ വലിയ ഒരു കൂട്ടം കടന്നുവന്ന് 6 മണിക്കൂർ നേരം ഒന്നിച്ചു ചെലവഴിച്ചു. സ്നേഹത്തിലും ഐക്യതയിലും ദൈവജനം ആയിരിക്കുമ്പോൾ അവർക്കു ലഭിക്കുന്ന അനന്തമായ അനുഗ്രഹങ്ങളെക്കുറിച്ച് സങ്കീ. 133 ആസ്പദമാക്കി എം.വി.തോമസ് (അടൂർ) നൽകിയ ദൂത് അനുഗ്രഹമായിരുന്നു. യുവ തലമുറയെ തെറ്റിക്കുമാറ് വഷളത്വം പെരുകിക്കൊണ്ടിരിക്കുന്ന ഈ നാളുകളിൽ വിവിധ സഭകളിൽ നിന്നായി കടന്നു വന്ന കുഞ്ഞുങ്ങൾ അവർക്കായി ക്രമീകരിച്ച 'താലന്തു സമയത്ത്' പ്രദർശിപ്പിച്ച കഴിവുകൾ അത്യന്തം ഹൃദ്യമായിരുന്നു. തുടർന്നും ഇങ്ങനെയുള്ള കൂടിവരവുകൾ തലസ്ഥാന നഗരമായ തിരുവനന്തപുരത്ത് ഉണ്ടായി ദൈവനാമം മഹത്വപ്പെടുവാൻ ദൈവജനം പ്രാർത്ഥിക്കണമേ. മണ്ണന്തല സഭയ്ക്കു വേണ്ടി, ഉമ്മൻ ജോർജ്ജ്, കെ. എം. വറുഗീസ്, ജോൺ പണിക്കർ.

**മൈലം** : സുവി. ബിനുബേബി കഴിഞ്ഞ നാളുകളിൽ മൈലം ബ്രദറൺ സഭയിലെ സുവിശേഷകനായി സഹകരിച്ചു വരവേ, ദൈവം തനിക്ക് നൽകിയ ആത്മപ്രേരണ നിമിത്തം സഭ പ്രാർത്ഥനയോടെ നമ്മുടേതായ പ്രവർത്തനങ്ങൾ ഒന്നും ഇല്ലാത്തതും കുടിയേറ്റ കർഷകരും ആദിവാസികളും തിങ്ങി പാർക്കുന്നതുമായ ഹൈറേഞ്ചിലെ കുരിശുപാറ, പീച്ചാട് പ്രദേശത്തേക്ക് അയച്ചു. താൻ കുടുംബമായി ഈ പ്രദേശങ്ങളിലെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വരുന്നു. സഹോദരനെയും കുടുംബത്തെയും പ്രാർത്ഥനയിൽ ഓർത്താലും. എന്ന് മൈലം സഭയ്ക്കുവേണ്ടി, എം. അലക്സാണ്ടർ, ജോസഫ് പി. വൈ, സഹോദരന്റെ വിലാസം, ഇവാ.ബിനുബേബി, പി. ബി. നം.13, അടിമാലി- 685561.

## രോഗി

**കോഴഞ്ചേരി** : സുവി. രാജൻ വി. തോമസ് പെട്ടെന്നുണ്ടായ ശ്വാസതടസ്സം മൂലം ഒക്ടോ. 9-14 വരെ തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ ഐ.സി.യു.വിലും വാർഡിലുമായി ചികിത്സയിൽ കഴിയുകയായിരുന്നു. ഡോക്ടറുടെ വിശദമായ പരിശോധനയിൽ ഹൃദയത്തിന്റെ ഭിത്തിക്ക് കട്ടിക്കൂടുതൽ ഉള്ളതായി കണ്ടെത്തി. തുടർന്ന് ഡോക്ടറുടെ നിർദ്ദേശ പ്രകാരം വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജിൽ ചികിത്സയ്ക്കായി പോകാനാഗ്രഹിക്കുന്നു. സഹോദരന്റെ പൂർണ്ണ സൗഖ്യത്തിനായും കോഴഞ്ചേരിയിലുള്ള സഭയുടെ പ്രവർത്തനങ്ങൾക്കായും ദൈവജനം പ്രാർത്ഥിക്കയും സഹകരിക്കയും ചെയ്യണമേ. പി.പി. ജയകുമാർ, രാജൻ വി. തോമസ്.


www.bahrainbrethren.com

## മഹത്വത്തിൽ

**കോയിപ്രം :** കോയിപ്രം ബ്രദ്റൺ സഭാമൂപ്പന്മാരിൽ ഒരാളും സ്റ്റീവാർഡ് അസോസിയേഷൻ കേരള ഘടകം സെക്രട്ടറിയുമായ മട്ടയ്ക്കൽ പി.വി. വർഗ്ഗീസ് (82) 30-10-08 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. 3-11-08 ന് നടന്ന സംസ്കാര ശുശ്രൂഷയിൽ അനേകരുടെ അനുസ്മരണ ആശ്വാസ സന്ദേശങ്ങൾക്കുശേഷം വൻ ജനാവലിയുടെ സാന്നിദ്ധ്യത്തിൽ ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാമെന്നുള്ള പ്രത്യാശയിൽ ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. സൗഖ്യമില്ലാതിരിക്കുന്ന സഹധർമ്മിണിയെയും ദുഃഖിതരായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായും പ്രാർത്ഥിക്കുകയും ചെയ്യണമേ.

## വിവിധ വിഷയങ്ങൾ

**കുമ്പനാട് :** നമ്മുടെ സ്ഥലം സഭകളിൽ ആവശ്യമുള്ള വിവാഹ സർട്ടിഫിക്കറ്റ്, വിവാഹ രജിസ്റ്റർ, ജനന രജിസ്റ്റർ എന്നിവയ്ക്കായി ബന്ധപ്പെടുക. എമ്മവുസ് ബുക്ക് റൂം, കുമ്പനാട്, സെൽ : 09744052020.

**തിരുവല്ല :** ദയാ വിഹാർ ഓർഫനേജിലേക്ക് Teachers, Drivers, Wardens, Matrons, Office staff എന്നീ ജോലികൾക്കായി ക്രിസ്തീയ സമർപ്പണമുള്ള സ്ത്രീപുരുഷന്മാരെ ആവശ്യമുണ്ട്. ബന്ധപ്പെടുക: 9387493950, 0469 2701326. ദയാവിഹാർ ബോയ്സ് ഹോമിന് ഗവ. ഓഫ് ഇന്ത്യയുടെ 80 G അംഗീകാരം ലഭിച്ചിരിക്കുന്നതിനാൽ നികുതി ഒഴിവുണ്ട്. അതിനാൽ സാമ്പത്തീക സഹകാരികളെ ക്ഷണിച്ചുകൊള്ളുന്നു. എന്ന് ഡയറക്ടർ ഡോ. റ്റി.എസ്. കോശി.

**സ്റ്റീവാർഡ്സ് അസ്സോസിയേഷൻ :** കേരളാ ഘടകം സെക്രട്ടറിയായിരുന്ന പി.വി. വർഗ്ഗീസ് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ട സാഹചര്യത്തിൽ വസ്തുക്കളെ സംബന്ധിച്ചും മറ്റും പ്രിയ സഹോദരൻ നിർവ്വഹിച്ചിരുന്ന ചുമതലകൾ എസ്.എ.ഐയുടെ കേരളാകമ്മറ്റിയംഗമായ പി.പി. മാത്യു തുടർന്ന് നിർവ്വഹിക്കുന്നതാണെന്നുള്ള വിവരം ബന്ധപ്പെട്ടവരെ അറിയിച്ചുകൊള്ളുന്നു. വിലാസം പി.പി. മാത്യു, സ്റ്റീവാർഡ്സ് അസ്സോസിയേഷൻ ഇൻ ഇന്ത്യ കേരളാ ഡിവിഷൻ, കുമ്പനാട് - 689 547, ഫോൺ: 0469 2670851. SAI കേരളാ കമ്മറ്റിക്കുവേണ്ടി പ്രൊഫ. ജേക്കബ് തോമസ്.

**ഏനാത്ത് :** സിയോൻ ബ്രദ്റൺ അസംബ്ലിയിലുള്ള 14 വയസ്സുള്ള ക്രിസ്റ്റോ രാജ് എന്ന കുട്ടിയുടെ ഹാർട്ടിന്റെ ഓപ്പറേഷന്റെ വാർത്ത നമ്മുടെ പ്രസിദ്ധീകരണങ്ങളിൽ വായിച്ച ദൈവമക്കളുടെ പ്രാർത്ഥനയുടേയും ധനസഹായത്തിന്റേയും ഫലമായി ടി. കുട്ടിയുടെ ഹാർട്ടിന്റെ വാൽവ് സംബന്ധമായ ഓപ്പറേഷൻ 16-10-2008 ന് തിരുവനന്തപുരം ശ്രീചിത്തിരയിൽ വെച്ച് വിജയകരമായി നടക്കാൻ വലിയവനായ ദൈവം സഹായിച്ചു. കുട്ടി ഡിസ്ചാർജായി ഭവനത്തിൽ പൂർണ്ണസൗഖ്യത്തോടു കൂടി വിശ്രമിക്കുന്നു. സഹായിച്ച എല്ലാ ദൈവമക്കൾക്കും സഭയുടെ നന്ദിയും സ്നേഹവും അറിയിച്ചുകൊള്ളുന്നു. എന്ന് ഡി. യോഹന്നാൻ.

## കൺവൻഷൻ, ക്യാമ്പ്

**പ്രളയക്കാട് :** തുരുത്തി പട്ടം എൽ. പി. സ്കൂൾ അങ്കണത്തിൽ വച്ച് പ്രളയക്കാട് ബ്രദറൺ സഭയുടെ ചുമതലയിൽ 2008 ഡിസം. 26-28 വരെ വൈകിട്ട് 6-8.30 വരെ സുവിശേഷ യോഗങ്ങൾ നടത്തുന്നതാണ്. എബ്രഹാം ചെമ്പോല,പി. എസ്. തമ്പാൻ, സജ്ജി വർഗീസ് എന്നിവർ വചന പ്രഘോഷണം നടത്തുന്നു. ദൈവവജനം പ്രാർത്ഥിക്കുക. എന്ന് എ.എം. പൗലോസ്, പി.എം. ഔസേഫ്, പി.എം.തോമസ്.

**പുനലൂർ :** ചെമ്മന്തൂർ ബ്രദ്റൺ സഭയുടെ 89-മത് കൺവൻഷൻ 2008 ഡിസം.24-28 ഞായർ വരെ നടുക്കുന്ന് ആഡിറ്റോറിയം സൈറ്റ് പന്തലിൽ വച്ച് നടക്കുന്നു. പി.ജി.ജയിംസ്, വർഗ്ഗീസ് കുര്യൻ, ചാണ്ടപ്പിള്ള ഫിലിപ്പ്, ജോർജ്ജ് ചാക്കോ, എം.എം.സക്കറിയ എന്നിവർ പ്രസംഗിക്കുന്നു. സഭാഹാളിൽ വച്ച് രാവിലെ 10 മണിക്ക് ബൈബിൾ ക്ലാസുകൾ: ബിനു മാത്യു. വ്യാഴം 10 മണിക്ക് കുടുംബസംഗമം. ശനി 2 മണിക്ക് സണ്ടേസ്ക്കൂൾ വാർഷികം. ഞായർ 10 മണിക്ക് പന്തലിൽ വച്ച് ആരാധന. സഭയ്ക്കുവേണ്ടി, വി.ഇ.തോമസ്, തോമസ് മാത്യു, ജോർജ്ജ് മാത്യു.

**മേക്കൊഴൂർ :** മേക്കൊഴൂർ ബ്രദറൺ സഭാ കൺവൻഷൻ 2009 ജനുവരി 8 - 11 വരെ
പ്രസംഗകർ - ചാണ്ടപ്പിള്ള ഫിലിപ്പ്, ബിനു സാമുവൽ
സഭയ്ക്കുവേണ്ടി കെ.സി. ജോർജ്ജ്, ഇ.റ്റി.യോഹന്നാൻ.

**അടൂർ :** കിളിവയൽ രെഹബോത്ത് ബ്രദറൺ സഭയുടെ ചുമതലയിൽ ഡിസം.25-28 വരെ കിളിവയൽ ജംഗ്ഷനു സമീപം സുവിശേഷ മഹായോഗങ്ങൾ നടക്കും. ചാണ്ടപ്പിള്ള ഫിലിപ്പ്, സണ്ണി തോമസ്, സാം സഖറിയ, ജെയിംസ് എം തോമസ്, എന്നിവർ വചനം ശുശ്രൂഷിക്കും. ഗാനശുശ്രൂഷയും ഉണ്ടായിരിക്കുന്നതാണ്. സഭയ്ക്കുവേണ്ടി എം.വി. തോമസ്, ജി. ജോർജ്ജ്, ജി. ഗീവർഗീസ്.

### കലഞ്ഞൂർ ബ്രദ്റൺ കൺവൻഷൻ

സമയം : 2008 ഡിസംബർ 10 - 14 ഞായർ വരെ.
സ്ഥലം : കലഞ്ഞൂർ ബ്രദ്റൺ ഗോസ്പൽ ഹാൾ
പ്രസംഗകർ : കെ.വി. ജോർജ്ജ്, ജോസ് മാങ്കുടി, പി.ജി. ജെയിംസ്. യോഗാനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കുകയും സംബന്ധിക്കുകയും ചെയ്യണമേ. എന്ന് മത്തായി കെ. ഈപ്പൻ.

### മണ്ണാരത്തറ കൺവൻഷൻ

മണ്ണാരത്തറസഭയുടെ ആഭിമുഖ്യത്തിലുള്ള കൺവൻഷൻ 2008 ഡിസം. 23 -28 ഞായർ വരെ കൺവൻഷൻ ഗ്രൗണ്ടിൽ നടക്കുന്നതാണ്. പ്രസംഗകർ പി.എസ്. തമ്പാൻ പി.ജി. ജെയിംസ്, വർഗ്ഗീസ് കുര്യൻ എന്നിവരായിരിക്കും. എല്ലാ ദൈവമക്കളുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിച്ചുകൊള്ളുന്നു. സഭയ്ക്കുവേണ്ടി വി.കെ. മാത്യു, റ്റി.കെ. ചാക്കോ.


www.bahrainbrethren.com

**സുവിശേഷൻ ബാലസംഘം**
**മലബാർ ഡിവിഷൻ ക്യാമ്പ്**

സമയം : 2008 ഡിസം. 22-25 വരെ.
സ്ഥലം : സുൽത്താൻ ബത്തേരി സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ
ക്യാമ്പ് തീം : വിജയകരമായ ക്രിസ്തീയജീവിതം
ലീഡേഴ്സ് : പ്രൊഫ. പി.പി. സ്കറിയ, എബ്രഹാം തോമസ്, കെ.വി. മാത്യു, ജോയി ജോൺ, രാജൻ ബാബു മാത്യു, വൈ.സി.ദാസ്, ഗോഡ്സൺ വാലയിൽ. എന്ന് റ്റി.എം. ജോർജ്ജ്, കെ. ഗോപിനാഥൻ.

**തൃശൂർ :** മണ്ണുത്തി ബ്രദറൺ ചർച്ചും, സിയോൻ മിഷൻ ചാരിറ്റബിൾ ട്രസ്റ്റും ചേർന്ന് 2009 ജനു. 23-25 വരെ മണ്ണുത്തിയിൽ "സ്നേഹ സന്ദേശം 2009" എന്ന പേരിൽ സുവിശേഷ യോഗങ്ങൾ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസംഗകൻ: ചാണ്ടപ്പിള്ള ഫിലിപ്പ്, അനുഗ്രഹത്തിനായി പ്രാർത്ഥിക്കണമെ. എന്ന് വിൽസൺ ജോർജ്ജ്, വി.ടി. ജോൺ.

**അമരവിള :** 2008 ഡിസം. 26-28 വരെ ബ്രദറൺ സഭാ ഹാൾ ഗ്രൗണ്ടിൽ വച്ച് കൺവൻഷൻ നടക്കുന്നതാണ്. 27 ന് ശനിയാഴ്ച സൺഡേസ്കൂൾ കുഞ്ഞുങ്ങൾക്കായുള്ള ഒരു ഏകദിന സമ്മേളനം നടക്കുന്നതാണ്. "മുമ്പെ ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ" എന്നതാണ് തീം. പ്രസംഗകർ : രാജൻ തോമസ് - ബഹറിൻ, ഷനു ശമുവേൽ - അടൂർ, അനുഗ്രഹത്തിനായി ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. സഭയ്ക്കുവേണ്ടി George Chelliah Evg., Brethren Assembly, Amaravila P.O., Tvm- 695 122.

**കായ്നാട് കൺവൻഷൻ**

സ്ഥലം : ബ്രദറൺ സഭാഹാളിന് മുൻവശം തയ്യാറാക്കുന്ന പന്തൽ
സമയം : 2008 ഡിസം. 21-24 ബുധൻ വരെ
പ്രസംഗകർ : പി.വി. ബഞ്ചമിൻ, ചാണ്ടപ്പിള്ള ഫിലിപ്പ്, ബിജു കെ. ആലടി.

ഏവരേയും സ്വാഗതം ചെയ്തുകൊള്ളുന്നു. എന്ന് കുര്യാക്കോസ്, ഇ.പി. വർക്കി.

**മൈനാഗപ്പള്ളി കൺവൻഷൻ**

സ്ഥലം: ബ്രദറൺ സഭാഹാളിന് മുൻവശം തയ്യാർ ചെയ്യുന്ന പന്തൽ
സമയം : 2008 ഡിസം. 26-28 ഞായർ വരെ.
പ്രസംഗകർ : ഡോ. കെ.സി. ജോൺസൺ, പി.എം. മാത്യുക്കുട്ടി ബാംഗ്ലൂർ, ബിജു കെ. ആലടി.

മൈനാഗപ്പള്ളി ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിലും തൃശൂർ ആർ.റ്റി.ഐയുടെ സഹകരണത്തിലും നടത്തപ്പെടുന്ന യോഗങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും സംബന്ധിക്കുകയും ചെയ്താലും. സഭയ്ക്കുവേണ്ടി ജോയി തോമസ്.

## അറിയിപ്പ്

നമ്മുടെ പ്രധാനപ്പെട്ട കൺവൻഷൻ സ്ഥലങ്ങളിൽ ആത്മപ്രകാശിനി മാസികയുടെ വരിസംഖ്യ വാങ്ങുവാനും പുതിയ വരിക്കാരെ ചേർക്കുവാനുമുള്ള ക്രമീകരണങ്ങൾ ഉണ്ടായിരിക്കും. ഈ അവസരം പ്രയോജനപ്പെടുത്തിയാലും.


RN.No. 36067/ 81
Postal Reg. No. KL/TLA/44/2006-08 dt. 09-09- 05

**ആത്മപ്രകാശിനി**

If undelivered Please return to:
Athma Prakashini
P.B.No.10
Kumbanad
Thiruvalla 689 547

Printed and Published by
C.A.George
at Excel Offset Printers, Omallor


## പുസ്തകപരിചയം

ഭവനസന്ദർശനം നടത്തുന്നവർക്ക് പ്രയോജനപ്രദമായ രീതിയിൽ മാമ്മോദീസാ, പൗരോഹിത്യം, അന്യഭാഷ, രക്ഷ എന്നീ വിഷയങ്ങൾ ഉൾക്കൊള്ളിച്ച് എഴുതിയിട്ടുള്ള "ക്രൈസ്തവ വിശ്വാസവും അനുസരണവും" ആവശ്യമുള്ളവർക്ക് ഗ്രന്ഥകർത്താവിൽ നിന്നും നേരിൽ ലഭിക്കുന്നതാണ്. പി. ജെയിംസ് സാമുവേൽ തോണ്ടിയത്തു വീട്ടിൽ, കല്ലിശ്ശേരി - 689 124

## വരിക്കാർക്കൊരു സന്തോഷ വാർത്ത

വർദ്ധിച്ചുകൊണ്ടിരിക്കുന്ന പേപ്പർ വിലയും പ്രിന്റിംഗ് ചെലവുകളും കണക്കിലെടുത്തും 2008 സെപ്റ്റം. മുതൽ വിദേശത്തേക്കുള്ള തപാൽ ചാർജ്ജുകൾ ഇരട്ടിയായി വർദ്ധിപ്പിച്ചതിനാലും മാസികയുടെ വാർഷിക വരിസംഖ്യ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു എന്ന് പറയേണ്ടതില്ലല്ലോ. എന്നാൽ വരിസംഖ്യ വർദ്ധനവുമൂലം വായനക്കാരിൽ ചിലർക്കെങ്കിലും ബുദ്ധിമുട്ടുണ്ടാകുമെന്നതിനാൽ ആത്മപ്രകാശിനിയുടെ വരിസംഖ്യ തൽക്കാലം വർദ്ധിപ്പിക്കുവാനാഗ്രഹിക്കുന്നില്ലായെന്ന് അനുവാചകരെ അറിയിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. വരിസംഖ്യകൊണ്ടു മാത്രം മാസികയുടെ പ്രതിമാസ ചെലവുകൾ നിർവ്വഹിക്കപ്പെടേണ്ടതിനാൽ വരിക്കാർ കുടിശ്ശികയും മുൻകൂർ വരിസംഖ്യയും അയച്ചുതന്ന് ഈ ആത്മീയ ശുശ്രൂഷയിൽ സഹകരിച്ചാലും. കഴിഞ്ഞ നാളുകളിൽ സഹകരിച്ച മാന്യമിത്രങ്ങളോടുള്ള നന്ദിയും അറിയിച്ചുകൊള്ളുന്നു. (സി.എ. ജോർജ്ജ്. പബ്ലിഷർ)




www.bahrainbrethren.com